വോള്യം5 ലക്കം116 ജൂൺ- ജൂലൈ 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

## ബാല്യത്തിന്റെ തേങ്ങലുകൾ - ലോകസിനിമകൾ

**FILCA Film Society presents**

**8 Film Classics**

## JUNE -JULY FEST

**At State Central Library Malayalam A/c hall**

**Inauguration :**
**Sri. Pannyan Raveendran. Ex.M.P.**

**June-JulyMagazine Release :**
***Deepika Suseelan***
***( Artistic Director 27 th IFFK.)***




CHILDREN OF HEAVEN - MAJIDI MAJIDI - IRAN




Ivan's childhood
Andrei Tarkovsky
Russia




400 Blows /
François Truffaut/
France




Landscape in the mist
Theo Angelo Paulose
Greece




THE BOY WHO HARNESSED THE WIND, / CHIWETEL EJIOFOR/ UK - MALAWI




ALAMAR
PEDRO GONZALEZ RUBIO/
MEXICO




GOOD BYE CHILDREN /
LOUIS MALLE/
FRANCE- W. GERMANY- ITALY




CAPERNAUM /
NADINE LABAKI/
LEBANON

# ഫിലിം വിഷൻ



**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും
തൊഴിലും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി 08-06-2023

<u>സന്ദേശം</u>

ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഫിൽക്കാ ഫിലിം സൊസൈറ്റിക്ക് അഭിവാദ്യങ്ങൾ. ലോക സിനിമയിൽ കുട്ടികളുടെ ജീവിതം ആസ്പദമാക്കിയുള്ള പ്രശസ്ത ക്ലാസിക് ചലച്ചിത്രങ്ങൾ ഉൾപ്പെടുത്തി നടത്തുന്ന ഫിലിം ഫെസ്റ്റിവൽ വൻ വിജയമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ

**വി.ശിവൻകുട്ടി**

ഓഫീസ് : റൂം നമ്പർ 201, രണ്ടാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2517048 മൊബൈൽ : 9400029160
ഇ-മെയിൽ : min.edu@kerala.gov.in, min.lbr@kerala.gov.in

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

**26 Wednesday July at 9:30 AM**
**State Central Library Malayalam A/C hall**



**Inauguration** : **Sri. Pannyan Raveendran.**
( Ex. M. P. )



**Film Guest** : **Smt. Deepika Suseelan,**
Artistic Director IFFK-27.



**Welcome, Felicitation, Gratitude:** **Dr. B. Radhakrishnan**
( Filca )



: **P. K. Shobhana**
( State Librarian ),



: **Sabu Sankar**
( Novelist, Film Writer & Chief Correspondent to Nerkazhcha weekly, USA )



: **Girija Surendran**
(Actress )

**FILCA Film Society In association with State Central Library, Kerala State Chalachithra Academy, Beam Film Society,**

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

**26 Wednesday July 2023**
**State Central Library Malayalam A/c hall**

## Screening Program

9:30 AM

Children of Heaven / Iran / 1997/ 95 Mins.
Dir: Majid Majeedi



12:25 PM - 2:00 PM

Ivan's childhood / Russia / 1962/ 95 Mins.
Dir.Andrei Tarkovsky



3:00 PM- 4:30 PM

400 Blows / France / 1959/ 90 Mins.
Dir: François Truffaut



4:50 PM - 6:56 PM

Landscape in the mist / Greece / 1988/ 126 Mins.
Dir: Theo Anjelo Paulose



# ഫിലിം വിഷൻ

**27 Thursday July 2023**
**State Central Library Malayalam A/c hall**

## Screening Program

**10: 00AM - 11: 53 PM**



The boy who harnessed the wind /
2019/ UK - Malawi / 113 Mins /
Dir. Chiwetel Ejiofor

**12:15 PM - 1 :28 PM**



Alamar /
2009/ Mexico / 73 Mins /
Dir. Pedro Gonzalez Rubio

**2:30 PM - 4:14 PM**



Good bye children /
1987/ France- W. Germany- Italy / 104 Mins /
Dir. Louis Malle

**5 PM - 7:06 PM**



Capernaum /
2018/ Lebanon / 126 Mins /
Dir. Nadine Labaki

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

# മികച്ച ചലച്ചിത്ര കലാസൃഷ്ടികൾ കാണാനുള്ള അവസരം ഉപയോഗിക്കുക

## ഡോ. ബി. സന്ധ്യ ഐ. പി. എസ്



തിരു : ഫിൽക്ക ഫിലിം സൊസൈറ്റി 'രക്തസാക്ഷിത്വം : വനിതകളുടെ വിശ്വ സിനിമയിൽ ' എന്ന പ്രമേയം ആസ്പദമാക്കി മെയ് മാസ ചലച്ചിത്രമേള സംഘടിപ്പിച്ചു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന മേള ഡോ. ബി. സന്ധ്യ ഐ. പി. എസ് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിലെ പ്രധാന ചരിത്ര സംഭവങ്ങൾ ആവിഷ്കരിക്കുന്ന വനിതകളുടെ ലോകസിനിമ ഫെസ്റ്റിവൽ നടത്തുന്ന ഫിൽക്കാ ഫിലിം സൊസൈറ്റി ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുന്നു എന്നാണ് അറിയുന്നത്. ഓരോ മാസവും പ്രത്യേക പ്രമേയം ആസ്പദമാക്കി തെരെഞ്ഞെടുക്കുന്ന ലോക സിനിമ കാണാനുള്ള അവസരം എല്ലാവരും ഉപയോഗിക്കണം. ഫിൽക്കയോടൊപ്പം ഇനി മുതൽ ലോക സിനിമകൾ കാണാൻ സമയം കണ്ടെത്തുമെന്ന് ബി. സന്ധ്യ പറഞ്ഞു. ചടങ്ങിൽ നോവലിസ്റ്റും ചലച്ചിത്ര നിരൂപകനു



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

മായ സാബു ശങ്കർ, ഡോ.ബി. രാധാകൃഷ്ണൻ, നടി ഗിരിജ സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ഇരുപതാം നൂറ്റാണ്ടിലെ നാല് ശ്രദ്ധേയ ചരിത്ര സംഭവങ്ങളാണ് സിനിമകളിൽ ആവിഷ്കരിച്ചിട്ടുള്ളത്. മാർഗരറ്റ വോൺ ട്രോറ്റയുടെ റോസാ ലക്സംബെർഗ് ( ജർമ്മനി ), സാറാ ഗാവ്റോനിന്റെ സഫ്രജറ്റ് ( യൂ. കെ ), ലീന വേർട്ട്മുള്ളറിന്റെ സെവൻ ബ്യൂട്ടിഫുൾസ് ( ഇറ്റലി ), മാർത്ത മെസാറോസിന്റെ അൺ ബറീഡ് മാൻ ( ഹംഗറി ) എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.





# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033


## മരിക്കാത്ത ഓർമ്മയിൽ ജനറൽ പിക്ച്ചേഴ്സ് രവീന്ദ്രനാഥൻ നായർ... പ്രണാമം..



രവി
ജനറൽ പിക്ച്ചേഴ്സ്
കൊല്ലം

1988 ൽ കൊല്ലത്ത് സുവർണരേഖ ഫിലിം സൊസൈറ്റിയുടെ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലും ഇന്ത്യൻ പനോരമയും നടക്കുന്നു. ഫെസ്റ്റിവൽ ചെയർമാൻ കെ. രവീന്ദ്രനാഥൻ നായർ. വൈസ് ചെയർമാൻ കാക്കനാടൻ.

ഫിലിം സൊസൈറ്റി പ്രസിഡന്റ് സുവർണരേഖ രവി. ഞാൻ ഫെസ്റ്റിവൽ മാഗസിൻ എഡിറ്റർ.

രവീന്ദ്രനാഥൻ നായരുടെ കശുവണ്ടി ഓഫീസാണ് ഫെസ്റ്റിവൽ ഓഫീസ്. അവിടെ ഓട് മേഞ്ഞ കാസിനോ ലോഡ്ജും ഉണ്ട്. ഫെസ്റ്റിവൽ ഓഫീസിൽ, അതായത് രവീന്ദ്രനാഥൻ നായരുടെ കശുവണ്ടി ഓഫീസിൽ, രാവും പകലും ഇരുന്നാണ് ഞാൻ അനുദിന ബുള്ളറ്റിൻ തയ്യാറാക്കിയത്. കൂടാതെ മാഗസിൻ പണിയും. മാഗസിനു വേണ്ടി Pather Paanjali മലയാളം തിരക്കഥ ആവിഷ്ക്കാരവും എഴുതി. പിന്നീട് പുസ്തകമായി. ആ പുസ്തകം ഇന്ന് പതിമൂന്നാം പതിപ്പിലെത്തി. ഏറ്റവും കൂടുതൽ പതിപ്പുകൾ ഉള്ള മലയാള ചലച്ചിത്ര ഗ്രന്ഥം. എം. ജി. യൂണിവേഴ്സിറ്റിയിൽ എട്ടു വർഷം ബിരുദം പാഠപ്പുസ്തകവും.

(ചിന്നക്കടയിലെ ഈ ഓഫിസ് പിന്നീട് ഹോട്ടൽ നാണിയായി. )

1979 മുതൽ ആരംഭിച്ച സുവർണരേഖ ഫിലിം സൊസൈറ്റിയുടെ രക്ഷകർത്താവും രവീന്ദ്രനാഥൻ നായർ ആയിരുന്നു. ഫിലിം സൊസൈറ്റിയെ മുന്നോട്ട് നയിക്കാൻ വലിയ പിന്തുണ നൽകി.

ആദരാഞ്ജലികൾ.

**- സാബു ശങ്കർ, ജനറൽ സെക്രട്ടറി, ഫിൽക്കാ ഫിലിം സൊസൈറ്റി.**

Higher Education Department

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ്

ADDITIONAL SKILL ACQUISITION PROGRAMME asap

A Govt. of Kerala Undertaking

ആധുനിക തൊഴിൽ മേഖലകളിൽ അസാപ് കേരള നൽകുന്ന
പരിശീലനം വഴി മികച്ച തൊഴിൽ അവസരങ്ങൾ സ്വന്തമാക്കാം

# അസാപ് കേരളയുടെ നൂതന ഹ്രസ്വകാല നൈപുണ്യപരിശീലന കോഴ്സുകൾ

...

ഇനി ലോകം നിങ്ങളെ തേടട്ടെ...!!!



ചെറിയ കാലയളവിൽ
**പരീശീലനം**
വലിയ വേതനത്തിൽ
**ജോലി**

GET SKILLED WITH ASAP KERALA

www.asapkerala.gov.in
9495 999 623/709

കേരള സർക്കാർ

## കേരള
## സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

# സൗഭാഗ്യം
## ഇപ്പോൾ
## എല്ലാ ദിവസവും

ഞായർ
**അക്ഷയ**
ഒന്നാം സമ്മാനം
₹70 ലക്ഷം

തിങ്കൾ
**വിൻവിൻ**
ഒന്നാം സമ്മാനം
₹75 ലക്ഷം

ചൊവ്വ
**സ്ത്രീശക്തി**
ഒന്നാം സമ്മാനം
₹75 ലക്ഷം

ബുധൻ
**ഫിഫ്റ്റി - ഫിഫ്റ്റി**
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില ₹50

വ്യാഴം
**കാരുണ്യപ്ലസ്**
ഒന്നാം സമ്മാനം
₹80 ലക്ഷം

വെള്ളി
**നിർമൽ**
ഒന്നാം സമ്മാനം
₹70 ലക്ഷം

ശനി
**കാരുണ്യ**
ഒന്നാം സമ്മാനം
₹80 ലക്ഷം

ബുധനാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ നറുക്കെടുക്കുന്ന ടിക്കറ്റുകൾക്ക്
ടിക്കറ്റ് വില
₹40
മാത്രം

കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം....സുതാര്യം...ജനകീയം

www.ksfe.com

തിളങ്ങട്ടെ ജീവിതം
ഡയമണ്ട് പോലെ...

KSFE
ഡയമണ്ട്
ചിട്ടികൾ



25 ലക്ഷം
രൂപയുടെ
ഡയമണ്ട്
ആഭരണങ്ങളും
1000 പവൻ സ്വർണ്ണവും
സമ്മാനം

*നിബന്ധനകൾക്ക് വിധേയം

സംസ്ഥാനതല
ബമ്പർ സമ്മാനം
25 ലക്ഷം
രൂപയുടെ
ഡയമണ്ട്
ആഭരണങ്ങൾ
(ഒരാൾക്ക്)
അല്ലെങ്കിൽ
25 ലക്ഷം
രൂപ



മേഖലാതല
സമ്മാനങ്ങൾ
17 പേർക്ക്
10 പവൻ
സ്വർണ്ണം
അല്ലെങ്കിൽ
4.50 ലക്ഷം
രൂപ വീതം



ശാഖാതല
സമ്മാനങ്ങൾ



3744 പേർക്ക്
10000 രൂപയുടെ
സ്വർണ്ണനാണയം
അല്ലെങ്കിൽ
10000 രൂപ വീതം

കാലാവധി 2023 ഏപ്രിൽ 17 മുതൽ സെപ്തംബർ 30 വരെ

G. O. (Rt) No. 140/2023/ Taxes Dt. 27/ 02/ 2023

ചിട്ടിസലയുടെ 50% വരെ വായ്പ സൗകര്യം

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ഫിലിം വിഷൻ



ബാല്യത്തിന്റെ തേങ്ങലുകൾ
8 ലോകസിനിമകൾ
ഏവർക്കും സ്വാഗതം
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി മലയാളം A/C ഹാളിൽ
26 ബുധൻ ജൂലൈ
Majid Majeedi (Iran)
Andrei Tarkovsky (Russia)
François Truffaut (France)
Anjelo Paulose (Greece)
AWARD WINNER!
CHILDREN OF HEAVEN
9:30 am
IVAN'S CHILDHOOD
12:25 pm
the 400 blows
3:00 pm
LANDSCAPE IN THE MIST
4:50 pm
27 വ്യാഴം ജൂലൈ
Chiwetel Ejiofor (UK - Malawi)
Pedro Gonzalez Rubio ( Mexico)
Louis Malle (France- W. Germany- Italy)
Nadine Labaki (Lebanon)
THE BOY WHO HARNESSED THE WIND
10:00 am
ALAMAR
12:15 pm
Au revoir les enfants
2:30 pm
5:00 pm
FILCA FILM SOCIETY
STATE CENTRAL LIBRARY,
CHALACHITRA ACADEMY, BEAM FILM SOCIETY

വോള്യം 5 ലക്കം116 ജൂൺ - ജൂലൈ 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ



# മജിദ് മജീദി

പി. എസ്. ജ്യോതിഷ്

ഒരു അഭിനേതാവായി ന്റെ സിനിമാ ജീവിതം ആരംഭിച്ച ഇറാനിയൻ ചലച്ചിത്ര സംവിധായകനും നിർമ്മാതാവും തിരക്കഥാകൃത്തുമാണ് മജിദ് മജീദി. ഇടത്തരം ഇറാനിയൻ കുടുംബത്തിൽ ജനിച്ച അദ്ദേഹം 14ാം വയസ്സിൽ അമേച്വർ നാടക ഗ്രൂപ്പുകളിൽ അഭിനയിക്കാൻ തുടങ്ങി. തുടർന്ന് ടെഹ്റാനിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രമാറ്റിക് ആർട്സിൽ പഠിച്ചു



1979-ലെ ഇറാനിയൻ വിപ്ലവത്തിന് ശേഷം സിനിമയോടുള്ള താൽപര്യം അദ്ദേഹത്തെ വിവിധ സിനിമകളിൽ അഭിനയിക്കാൻ പ്രേരിപ്പിച്ചു, പ്രത്യേകിച്ച് 1985-ൽ മൊഹ്സെൻ മഖ്മൽബാഫിന്റെ ബോയ്കോട്ട്.

1992 ൽ പുറത്തിറങ്ങിയ ബാദുക്ക് ആണ് പ്രഥമ ചിത്രം. 1997-ൽ മജീദി സംവിധാനം ചെയ്ത ചിൽഡ്രൻ ഓഫ് ഹെവൻ, മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

അക്കാദമി നോമിനേറ്റ് ചെയ്യുന്ന ആദ്യത്തെ ഇറാനിയൻ ചിത്രമാണ് ചിൽഡ്രൻ ഓഫ് ഹെവൻ. ദി കളർ ഓഫ് പാരഡൈസ് (2000), ബാരൻ (2001), ദി വില്ലോ ട്രീ (2005)



# ഫിലിം വിഷൻ

തുടങ്ങി നിരവധി ഫീച്ചർ ഫിലിമുകൾ മജിദ് മജീദി സംവിധാനം ചെയ്തിട്ടുണ്ട് 2001-ലെ താലിബാൻ വിരുദ്ധ ആക്രമണസമയത്തും അതിനുശേഷവും അഭയാർത്ഥി ക്യാമ്പുകളിലെയും ഹെറാത്ത് നഗരത്തിലെയും ജീവിതം വിവരിക്കുന്ന ബെയർഫൂട്ട് ടു ഹെറാത്ത് എന്ന ഫീച്ചർ-ദൈർഘ്യമുള്ള ഡോക്യുമെന്ററിയും അദ്ദേഹം സംവിധാനം ചെയ്തു.

2008-ൽ, മജീദിയുടെ പ്രശസ്തമായ ചിത്രം ദി സോങ് ഓഫ് സ്പാരോസ് ഇന്ത്യയിലെ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ (വിശാഖപട്ടണം) ഉദ്ഘാടന ചിത്രമായിരുന്നു.

ചൈനീസ് തലസ്ഥാനത്ത് നടന്ന 2008 സമ്മർ ഒളിമ്പിക്സിന്റെ തയ്യാറെടുപ്പിനായി ബീജിംഗ് നഗരത്തെ പരിചയപ്പെടുത്തുന്നതിനായി ഒരു ഡോക്യുമെന്ററി ഷോർട്ട് ഫിലിം നിർമ്മിക്കാൻ ബീജിംഗ് സർക്കാർ ക്ഷണിച്ച അഞ്ച് അന്താരാഷ്ട്ര ചലച്ചിത്ര സംവിധായകരിൽ ഒരാളാണ് മജിദ് മജിദി; പദ്ധതിയുടെ പേര് വിഷൻ ബെയ്ജിംഗ് എന്നായിരുന്നു.

ഇസ്ലാമിക പ്രവാചകനായ മുഹമ്മദിനെ പരിഹസിക്കുന്ന കാർട്ടൂണുകൾ ഡെൻമാർക്കിൽ പ്രസിദ്ധീകരിച്ചതിൽ, ഏതെങ്കിലും മതവിശ്വാസത്തെയോ ഐക്കണിനെയോ അവഹേളിക്കുന്നതിനെതിരെ പ്രതിഷേധിച്ച് മജീദി ഒരു ഡാനിഷ് ചലച്ചിത്രമേളയിൽ നിന്ന് പിന്മാറി. തിരുവനന്തപുരത്തെ അന്താരാഷ്ട്ര ചലച്ചിത്ര മേളയിലൂടെ മലയാളികൾക്ക് സുപരിചിതനാണ് മജിദ് മജീദി.





ഫിലിം
വിഷൻ



# ആന്ദ്രേ തർകോവ്സ്കി (1932 - 1986)

വിനോദ്കുമാർ. പി.



സിനിമാ സംവിധായകൻ, എഡിറ്റർ, എഴുത്തുകാരൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ പ്രശസ്തനായ റഷ്യക്കാരനാണ് ആന്ദ്രേ തർകോവ്സ്കി .

പ്രസിദ്ധ റഷ്യൻ കവിയും വിവർത്തകനുമായിരുന്ന ആർസെനി തർക്കോവ്സ്കിയുടേയും മരിയ ഇവാനോവയുടേയും പുത്രനായി മോസ്കായിൽ ജനിച്ചു. സ്റ്റേറ്റ് ഫിലിം സ്കൂളിൽ നിന്നും 1960 ൽ ബിരുദം നേടിയ അദ്ദേഹത്തിന്റെ ആദ്യ ചിത്രമായ 'ഇവാൻസ് ചൈൽഡ് ഹുഡ്' 1962 ൽ വെനീസ് ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ലയൺ പുരസ്കാരം നേടി. അതോടുകൂടി അദ്ദേഹം നവ റഷ്യൻ സിനിമയുടെ പതാക വാഹകനായി മാറി.



വിഖ്യാത മധ്യകാല റഷ്യൻ ചിത്രകാരനായ ആന്ദ്രെ റുബ്ലേവിന്റെ ജീവിതത്തെ ആസ്പദമാക്കി 1966 ൽ നിർമ്മിച്ച 'ആന്ദ്രെ റുബ്ലേവ്' 1971 ൽ മാത്രമേ പുറത്തിറക്കാൻ സോവിയറ്റ് അധികൃതർ അനുവദിച്ചുള്ളൂ. സ്വന്തം ജീവിത സ്മരണകളുടെ ആദ്യന്തമില്ലാത്ത ആവിഷ്കാരമായി 1974 ൽ നിർമിച്ച 'ദ മിറർ' ഒരു തലമുറയുടെ സ്മരണയായി മാറി. 1986 ൽ പുറത്തിറങ്ങിയ 'സാക്രിഫൈസ്'ആയിരുന്നു അവസാന ചിത്രം. 'സാക്രിഫൈസ്' അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സൃഷ്ടിയായി കണക്കാക്കപ്പെടുന്നു.

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ഐതിഹാസികതയും തീക്ഷ്ണമായ സ്വകാര്യ അദ്ധ്യാത്മികതയും ഇദ്ദേഹത്തിന്റെ സൃഷ്ടികളുടെ പ്രത്യേകതയായിരുന്നു. തർകോവ്സ്കി 7 കഥാചിത്രങ്ങൾ ംസംവിധാനം ചെയ്തിട്ടുണ്ട്. തർക്കോവ്സ്കിയുടെ സിനിമകളിൽ ഏറ്റവും പ്രദർശനവിജയം നേടിയത് ഐവാൻസ് ചൈൽഡ് ഹുഡ് ആണ്.

എന്നാൽ തർക്കോവ്സ്കി ഈ ചിത്രത്തിന്റെ കാര്യത്തിൽ പൂർണതൃപ്തൻ ആയിരുന്നില്ല. ധാരാളം ചലച്ചിത്രകാരന്മാരും ബുദ്ധിജീവികളും ഈ സിനിമയെ പ്രകീർത്തിച്ച് എഴുതിയിട്ടുണ്ട്. ഒരു ഇറ്റാലിയൻ പത്രത്തിൽ എഴുതിയ ലേഖനത്തിൽ ഴാങ് പോൾ സാർത്ര് പറയുന്നു,അദ്ദേഹം കണ്ടത്തിൽ വച്ചേറ്റവും മനോഹരമായ സിനിമ ഐവാൻസ് ചൈൽഡ് ഹുഡ് ആണെന്ന്.



വിഖ്യാത ചലച്ചിത്രകാരൻ ഇംഗ്മർ ബർഗ്മാൻ ഈ സിനിമയെ കുറിച്ച് ഇങ്ങനെ പറയുന്നു:

തർക്കോവ്സ്കിയുടെ ആദ്യചിത്രത്തെ ഞാൻ കത്തെിയത് ഒരു അത്ഭുതം പോലെയായിരുന്നു.താക്കോൽ എനിക്കു നൽകപ്പെട്ടിട്ടില്ലാത്ത ഒരു മുറിയുടെ മുന്നിൽ ഞാൻ നിൽക്കുകയാണ് എന്ന് ഞാൻ പെട്ടെന്ന് മനസ്സിലാക്കി.തർക്കോവ്സ്കി സ്വതന്ത്രമായും സുഖകരമായും ചലിച്ചിരുന്നത് ഞാൻ പലപ്പോഴും കയറണം എന്നാഗ്രഹിച്ചിരുന്ന മുറിയായിരുന്നു.

തർകോവ്സ്കി ഈ ചിത്രത്തിലൂടെ അന്താരാഷ്ട്രതലത്തിൽ ഒട്ടേറേ പ്രശംസ നേടി.

വെനീസ് ഫിലിം ഫെസ്റ്റിവൽ -
1962 : ഗോൾഡൻ ലയൺ

സാൻ ഫ്രാൻസിസ്കോ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ -
1962:ഗോൾഡൻ ഗേറ്റ് അവാർഡ്

പ്രധാന സിനിമകൾ

സോളാറിസ്,
ദ മിറർ,
സ്റ്റോക്കർ,
ദ സാക്രിഫൈസ്,
ആന്ദ്രേ റുബ്ളേവ്,
നൊസ്റ്റാൾജിയ,
ഇവാൻസ് ചൈൽഡ് ഹുഡ്

ഫിലിം വിഷൻ



# ഫ്രൻസ്വാ ത്രുഫോ
( Francois Roland Truffaut. 1932 1984)

ബീന മാത്യു



സംവിധായകൻ, തിരക്കഥാകൃത്ത്, നിർമ്മാതാവ്, നടൻ, നിരൂപകൻ. ഫ്രഞ്ച് നവതരംഗ സിനിമയുടെ പ്രോദ്ഘാടകരിൽ പ്രമുഖൻ.

ചെറുപ്പകാലത്ത് സൈനീക സേവനവും ജയിൽ വാസവും മറ്റു മായി കഴിഞ്ഞ ത്രുഫോ ഒരു നിരൂപക നായി ട്ടാണ് ചലചിത്ര രംഗ പ്രവേശനം നടത്തിയത്. 1940 കളിലെ മുഖ്യധാര സിനിമയുടെ വിമർശനം ഇദ്ദേഹത്തേ കൂടുതൽ ശ്രദ്ദേയനാക്കി. പുതിയൊരു സിനിമ ശൈലിക്ക് വേണ്ടിയാണ് ത്രുഫോ ശബ്ദം ഉയർത്തിയത്. ഫ്രഞ്ച് സിനിമയുടെ ശവക്കുഴി തോണ്ടാൻ വന്നയാൾ എന്ന് മുഖ്യധാര സിനിമ പ്രവർത്തകരുടെ പരാതിയുായി. ആയതിനാൽ 1958ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ ഇദ്ദേഹത്തെ മാത്രം മനപൂർവം ക്ഷണിച്ചില്ല. പക്ഷേ അടുത്ത വർഷത്തെ ഏറ്റവും നല്ല സംവിധായകനുള്ള പുരസ്ക്കാരം ത്രുഫോ നേടുകയും ചെയ്തു.

യനിൻ ദി മോൺ ഫെരാദിന് വിവാഹത്തിന് മുൻപ് ഉണ്ടായ മകനായിരുന്നു ത്രുഫോ. വിവാഹശേഷം അദ്ദേഹത്തെ ദത്തു പുത്രനായി സ്വീകരിച്ചിരുന്നു. കുട്ടിക്കാലം അമ്മയുടെ അമ്മയുടെ സംരക്ഷണ ത്തിൽ കർശനമായ അച്ചടക്കത്തിലായിരുന്നു. എങ്കിലും സാഹിത്യ വും സംഗീതവും ആസ്വദിക്കാൻ അവസരം ലഭിച്ചിരുന്നു. എട്ടാം വയസ്സിൽ ആദ്യ സിനിമ കാണാൻ അവസരം ലഭിച്ചതോടെ സിനിമയിൽ കമ്പമായി.പിന്നിട് ആഴ്ചയിൽ മൂന്ന് സിനിമ, മൂന്ന് പുസ്തകം എന്നത് പതിവാക്കി. 14 -ആം വയസ്സിൽ വിദ്യാഭ്യാസത്തോട് വിട പറഞ്ഞ് ഒരു വ്യവസായശാലയിൽ വെൽഡറായി. പിന്നീടും പല ജോലികളും ചെയ്തു. 16 -ആം വയസ്സിൽ ഒരു ചലച്ചിത്രാസ്വാദന ക്ലബ് അദ്ദേഹം തുടങ്ങുകയുണ്ടായി.

അക്കാലത്ത് 1948 ൽ പ്രശസ്ത സിനിമ നിരൂപകനായ അന്ദ്രേ ബാസിനെ പരിച

# ഫിലിം വിഷൻ

യപ്പെട്ടു. ചലച്ചിത്രപ്രവർത്തനങ്ങൾ നിർത്തിവെച്ച് സാഹിത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്ഥിരജോലി നേടാമെന്ന് പിതാവിന് കൊടുത്ത വാഗ്ദാനം പാലിക്കാഞ്ഞത് മൂലം പിതാവ് തന്നെ ത്രൂഫോയെ പോലീസിൽ ഏൽപ്പിച്ചു. പ്രായപൂർത്തിയാകാത്തവർക്കായുള്ള ജയിലിലടക്കപ്പെട്ട ത്രൂഫോ ബാസിന്റെ ഇടപെടലിൽ മോചിതനായി.

18 -ആം വയസ്സിൽ ബാസിന്റെ സെക്രട്ടറിയായി. 1951 ൽ ബാസിന്റെ നേതൃത്ത്വത്തിൽ കയേ ദു സിനിമ എന്ന ഫിലിം മാഗസിനിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ഷാക് റിവറ്റ്, ഴാങ്-ലുക് ഗൊദാർദ്, ക്ളോദ് ഷാബ്രോൾ എന്നിവർക്കൊപ്പം എഴുത്തുകാരനായി.



1955ൽ യുൻ വിസ്‌തെ എന്ന പേരിൽ സ്പാനിഷ് ഭാഷയിൽ ഒരു ഷോർട്ട് ഫിലിം രചിച്ചു കൊണ്ട് ചലച്ചിത്ര ജീവിതം ആരംഭിക്കുന്നതിന് മുമ്പു തന്നെ കയേ ദു സിനിമ എന്ന ഫ്രഞ്ച് സിനിമ മാസികയിൽ എഴുത്തുകാരനായും എഡിറ്ററായും പ്രവർത്തിച്ചു .

ത്രൂഫോയുടെ ലേഖനങ്ങൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയു ണ്ടായി. നിരൂപണലേഖനങ്ങൾക്ക് ബൈലൈൻ അനുവദിക്കുകയും ചെയ്തു. സിനിമയുടെ ആപേക്ഷീക ഗുണനിലവാരം കാണിക്കാനായി സ്റ്റാർ റേറ്റിങ് സമ്പ്രദായം ആരംഭിക്കുന്നതും ത്രൂഫോയുടെ നിർദ്ദേശപ്രകാരമായിരുന്നു. ഈ രീതി ലോകമെമ്പാടും പിന്നെ പ്രചാരം നേടി.
1950 ന്റെ രാം പകുതിയിൽ കയേ ദു സിനിമയുടെ നിരൂപകന്മാരെല്ലാം സംവിധാനത്തിലേക്ക് തിരിഞ്ഞു. ഷാക് റിവെറ്റിന്റെ ലെ കൂപ് ബെജെർ എന്ന ഹൃസ്വചിത്രത്തിൽ നടനായി സഹകരിച്ചാണ് സംവിധാനത്തിലേക്ക് തിരിയാൻ ത്രൂഫോയെ പ്രചോദിപ്പിച്ചത്.

1957ൽ ത്രൂഫോ Les Miston എന്ന ഹൃസ്വചിത്രം പൂർത്തി യാക്കി. 1958ൽ ബ്രസൽ ഫെസ്റ്റിവെൽ ഓഫ് വേൾഡ് സിനിമയിൽ

വോള്യം 5 ലക്കം116 ജൂൺ - ജൂലൈ 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033
filca FILM LOVERS CULTURAL ASSOCIATION

മികച്ച സംവിധായകനുള്ള പുരസ്ക്കാരം ത്രൂഫോ നേടി. പ്രസിദ്ധ സംവിധായകനായ റോസെലിനിയുടെ സഹായിയായി കുറച്ചു കാലം പ്രവർത്തിച്ചതിന് ശേഷം 1959ൽ 400 ബ്ളോസ് എന്ന ചലച്ചിത്രം തന്റെ കൗമാര കാലത്തെ ആസ്പദമാക്കി നിർമ്മിക്കുക യുണ്ടായി.

ഈ ചിത്രം കാൻ ഫെ സ്റ്റിവലിൽ മികച്ച സം വിധായകനുള്ള പുരസ് ക്കാരത്തിന് ത്രൂഫോയെ അർഹനാക്കി. തുടർന്ന് 450,000 ടിക്കറ്റുകളുടെ വിൽപനയുമായി ആദ്യ കാല നവതരംഗ സിനിമകളിൽ വൻ വിജയ മായി തീർന്നു.

1960ൽ സംവിധാനം ചെയ്ത ഷൂട്ട് ദി പിയാ നോ പ്ളെയർ ഹോളീവുഡ് ആക്ഷൻ ചിത്ര ങ്ങളുടെ ഒരു ഫ്രഞ്ച് പതിപ്പായിരുന്നു.

ജൂൾസ് അറ്റ് ജിം(1960), ലാപിങ് സൗ ഡ്(1964) എന്നീ ചിത്രങ്ങളും ത്രൂഫോയെ മുൻ നിരയിലാക്കി.



അവഗണിക്കപ്പെട്ട പ്രേമം പ്രമേയമാക്കി നിർമിച്ച ചിത്രമാണ് ലൗ അറ്റ് റ്റൊൻറ്റി(1962). ഫാരൻഹീറ്റ് 451(1966), ദി ബ്രൈഡ് വോർ ബ്ളാക്ക്(1967), സ്റ്റോളൻ കിസസ്(1968), ബെഡ് ആൻറ് ബോഡ്(1970), ലൗ ഓൺ ദ് റൺ(1979) മറ്റും തുടർന്നുള്ള ശ്രദ്ധേയ ചിത്രങ്ങളാണ്.

ഹിച്ച്കോക്കിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സംവിധാനം ചെയ്ത ചിത്ര മാണ് ദി ബ്രൈഡ് വോർ ബ്ളാക്ക് (1967) വനവാസി യായ ബാലനെ പരിഷ്ക്കരി ക്കാൻ ശ്രമിക്കുന്ന ശാസ്ത്ര ജ്ഞന്റെ കഥയാണ്. എൻഫെൻറ് സാവേജ് ശാസ്ത്രജ്ഞന്റെ വേഷം ത്രൂഫോ ആയിരുന്നു ചെയ്തത്.

ഡെ ഫോർ നൈറ്റ്(1973) ഏറ്റവും നല്ല വിദേ ശചിത്രത്തി നുള്ള 46 മത് ഓസ്ക്കാർ ലഭി ക്കുകയുണ്ടായി.

വിക്ടർ ഹ്യൂഗോയുടെ കഥയെ ആസ്പദമാ ക്കി സംവിധാനം ചെയ്ത ദ് സ്റ്റോറി ഓഫ് അഡലെ എച്ച് (1975), നാസി ആക്രമണത്തെ സംബന്ധിച്ച് ലാസ്റ്റ് മെട്രോ (1980) എന്നിവ യാണ് മറ്റു ചിത്രങ്ങൾ.

# ഫിലിം വിഷൻ

സ്റ്റീവൻ സ്പിൽ ബർഗിന്റെ ചിത്രമായ ക്ളോസ് എൻകൗണ്ടേഴ്സ് ഓഫ് ദ് തേർഡ് കൈന്റ് ൽ ത്രൂഫോ അഭിനയിച്ചിട്ടുണ്ട്.

1957ൽ ഒരു വലിയ സിനിമ കമ്പനിയുടെ ഓണറുടെ മകളെ വിവാഹം ചെയ്തു. ശേഷം ത്രൂഫോയുടെ ചിത്രങ്ങൾക്ക് പണം സ്വരൂപിക്കുന്ന ഉത്തരവാദിത്തം ഭാര്യ മദെലിനയുടേതായിരുന്നു. രണ്ടുപെൺ മക്കളുണ്ടായി. 1965ൽ അവർ വേർപിരിഞ്ഞു.

പിന്നിട് ഫാനിയുമായി മൂന്നു വർഷത്തെ ബന്ധത്തിൽ ഒരു മകൾ ഉണ്ട്. സംവിധായകനായ ഗൊദാർദുമായി ത്രൂഫോക്ക് വളരെ അടുപ്പമുണ്ടായിരുന്നു. ഫ്രഞ്ച് നവതരംഗ സിനിമയിലെ ലെണോൽ- മക്കാർട്ടിനി എന്നാണ് ഇരുവരെയും പത്രങ്ങൾ വിശേഷിപ്പിച്ചിരുന്നത്. 1973ൽ ത്രൂഫോ സംവിധാനം ചെയ്ത ഒരു ചിത്രം ഗൊദാർദ് വിമർശിച്ചതിനെ തുടർന്ന് 20 താളുകൾ ഉള്ള ഒരു മറുപടി ത്രൂഫോ കൊടുക്കുകയുണ്ടായി. അതിൽ എല്ലാവരും ഒന്നായിരിക്കണം എന്ന തത്ത്വം പറഞ്ഞ് ഗൊദാർദിനെ കപടവേഷധാരിയെന്ന് കുറ്റപ്പെടുത്തി.പിന്നീടൊരിക്കലും ഇവർ തമ്മിൽ കണ്ടിട്ടില്ല. ഇമ്മാനു വേൽ സംവിധാനം ചെയ്ത ടു ഇൻ ദ് വേവ് എന്ന ഡോക്കുമെന്ററി ചിത്രം ഗൊദാർദും ത്രുഫോയും തമ്മിലുള്ള സൗഹൃദത്തിന്റെയും വേർപിരിയലിന്റെയും കഥ പറയുന്നു.

1983 ൽ പുതിയ ചിത്രം സംവിധാനം ചെയ്യുമ്പോഴാണ് ത്രുഫോക്ക് ഹൃദയാഘാതം സംഭവിക്കുന്നത്. 1984 ഒക്ടോബർ 21ന് അദ്ദേഹം അന്തരിച്ചു.



# ഫിലിം വിഷൻ



## തിയോ ആഞ്ചലോ പൗലോസ്
(Theo Anjelo Poulos 1935- 2012 )

**സുരേഷ് കുമാർ.സി.**
**(സെക്രട്ടറി,ബീം ഫിലിം സൊസൈറ്റി)**

'A Masterful Film maker' എന്ന് പ്രശസ്ത സംവിധായകൻ മാർട്ടിൻ സ്കോർ സെ വിശേഷിപ്പിച്ച തിയോ ആഞ്ചലോ പൗലോസ് 1970 കളിലെ രാഷ്ട്രീയ സിനിമകളിലൂടെയാണ് ലോകസിനിമാ ചരിത്രത്തിൽ തന്റെ സ്ഥാനമുറപ്പിക്കുന്നത്. 1967ൽ ഹൃസ്വചിത്രങ്ങളിലൂടെ സിനിമാജീവിതം ആരംഭിച്ച തിയോയുടെ ആദ്യ ഫീച്ചർ സിനിമ 1970 ൽ പുറത്തിറങ്ങിയ The Reconstitution ആണ്.

രണ്ടാം ലോകമഹാ യുദ്ധത്തിന്റെയും ഗ്രീക്ക് ആഭ്യന്തര യുദ്ധത്തിന്റെയും (194649) നാസി അധിനിവേശത്തിന്റെയും ദുരിതങ്ങൾ ചെറുപ്പത്തിലേ ഏറ്റുവാങ്ങുമ്പോൾ തിയോയുടെ ഉള്ളിൽ തീക്ഷ്ണമായ രാഷ്ട്രീയ നിലപാടുകൾ രൂപം കൊള്ളുകയായിരുന്നിരിക്കണം. 1972 ൽ എടുത്ത രണ്ടാമത്തെ ചിത്രമായ 'Days of '36 ൽ തന്നെ ശക്തമായ രാഷ്ട്രീയ നിലപാടുകൾ അദ്ദേഹം അവതരിപ്പിച്ചിരുന്നു. ആഭ്യന്തര യുദ്ധത്തിൽ ബന്ദിയാക്കപ്പെട്ട അച്ഛനെ തേടി, മൃതശരീരങ്ങൾക്കിടയിലൂടെ നടത്തിയ യാത്ര തന്റെ സിനിമാ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന് തിയോ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.



സൂക്ഷ്മമായ സ്ഥല ചലന വിന്യാസം, ഇഴഞ്ഞു നീങ്ങുന്ന നീണ്ട സ്വീകൻസുകൾ, സങ്കീർണ്ണ രംഗ ചിത്രീകരണങ്ങളിൽ കാണുന്ന കയ്യടക്കം എന്നിങ്ങനെ ദൃശ്യബോധത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് കാഴ്ചക്കാരനെ കൊണ്ടു പോകുന്ന തിയോയുടെ സിനിമകളിൽ മിക്കവയിലും 'കുടിയേറ്റം ' ഒരു മുഖ്യ പ്രമേയമായി വരുന്നത് കാണാം.

1940-50 കളിലെ ഗ്രീക്ക് രാഷ്ട്രീയം, കമ്യൂണിസ്റ്റ് വിപ്ളവകാരികളായ നാടക

# ഫിലിം വിഷൻ



പ്രവർത്തകരുടെ ജീവിതത്തിലൂടെ പറയുന്ന The Travelling Players (1975), ഇതിന്റെ തുടർച്ചയായി കരുതപ്പെടുന്ന The Hunters (1977), ഗ്രീക്ക് സാമൂഹ്യ ക്രമത്തിന്റെ വിമർശനങ്ങളും Trilogy of Silence വിഭാഗത്തിൽ പെടുന്നതുമായ Voyage to Cythera (1984), The Bee keeper (1986) , Landscape in the Mist (1988) എന്നിവ അദ്ദേഹത്തിന്റെ പ്രധാന രാഷ്ട്രീയ സിനിമകളാണ്. അവസാനകാല രചനകളായ The Weeping Medow (2004), The Dust of Time (2008), The Other Sea (2012) എന്നിവയെ Trilogy of Modern Greece എന്ന നിലയിലാണ് നിരൂപകർ കണക്കാക്കുന്നത്. അദ്ദേഹത്തിന് പൂർത്തീകരിക്കാൻ കഴിയാതെ പോയ The Other Sea യുടെ ചിത്രീകരണത്തിനിടെയുണ്ടായ ഒരപകടത്തിലാണ് 2012 ജനുവരിയിൽ തിയോ മരണപ്പെടുന്നത്. Eternity and a Day (1998) എന്ന ചിത്രത്തിന് കാൻ ഫെസ്റ്റിവലിൽ പാം ഡി ഓർ അവാർഡുൾപ്പെടെ നിരവധി ചലച്ചിത്രമേളകളിൽ വിവിധയിനങ്ങളിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

1935ൽ ഏതൻസിൽ ജനിച്ച് 2012ൽ ഗ്രീസിലെ തന്നെ Piraeus നഗരത്തിൽ ഒരു റോഡപകടത്തിൽ നിര്യാതനയായ തിയോ ആഞ്ചെലോ പൗലോസിന്റെ സിനിമാജീവിതം ഗ്രീക്ക് സിനിമയുടെ 'രാഷ്ട്രീയ കാലം' എന്ന് കണക്കാക്കാം.



ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



# ബാല്യത്തിലേക്ക് ക്യാമറ തിരിച്ച നാല് സംവിധായകർ

**സുരേഷ് കുമാർ.സി.**
**(സെക്രട്ടറി,ബീം ഫിലിം സൊസൈറ്റി)**

## 1. ഷിവെറ്റെൽ എജ്യോഫർ (Chiwetel Ejiofor)




1997 ൽ പുറത്തിറങ്ങിയ സ്റ്റീവൻ സ്പിൽബർഗിന്റെ 'അമിസ്താദി' ലൂടെയാണ് പ്രശസ്ത ബ്രിട്ടീഷ് അഭിനേതാവായ ഷിവെറ്റെൽ എജ്യോഫർ (Chiwetel Ejiofor) അഭിനയ ജീവിതം ആരംഭിച്ചത്. ഷേക്സ്പിയർ കഥാപാത്രങ്ങളിലൂടെ സ്റ്റേജ് നടനായി ഉയർന്നു വന്ന ഷിവെറ്റെലിന്റെ ഒഥെല്ലോ സമീപകാലത്തെ ഏറ്റവും മികച്ച രംഗാവതരണമായി കണക്കാക്കപ്പെടുന്നു. സ്റ്റേജ് നടനെന്ന നിലയിൽ നേടിയ അഭിനയ പരിശീലനം സിനിമാലോകത്ത് അദ്ദേഹത്തിന് വലിയ മുതൽക്കൂട്ടായിരുന്നു.



ജെറമി കാമറൂണിന്റെ It was an Accident (2000) ലെ പ്രധാന കഥാപാത്രത്തിലൂടെ അദ്ദേഹം ബ്രിട്ടീഷ് സിനിമയിൽ തന്റെ സ്ഥാനം ഉറപ്പിച്ചു.

ദക്ഷിണാഫ്രിക്കയിലെ വംശീയ വിവേചനത്തിന്റെ അവസാന നാളുകളുടെ ചിത്രം വരച്ചുകാട്ടിയ End Game (2009) ലെ സമര നായകനായ താബോ എമ്ബെക്കിയുടെ റോൾ ഷിവെറ്റലിനെ ബ്രിട്ടനു പുറത്തും പ്രശസ്തനാക്കി.



ഫിലിം വിഷൻ

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



അമേരിക്കൻ അടിമ കലാപകാരിയായിരുന്ന സോളമൻ നോർത് അപ്പിന്റെ ഓർമ്മക്കുറിപ്പുകളുടെ ചലച്ചിത്രാവിഷ്ക്കാരമായ 12 Years a Slave (2013) ലെ നോർത് അപ് ആയുള്ള അഭിനയ മികവ് ഓസ്കാർ നോമിനേഷന് അർഹനാക്കി.

പ്രാഥമികമായും നടനായ ഷിവെറ്റെലിന്റെ ആദ്യ സംവിധാന സംരംഭമാണ് The Boy who Harnessed the Wind (2019). സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട ബാലൻ തന്റെ ഗ്രാമത്തെ വരൾച്ചയിൽ നിന്നും രക്ഷിക്കാൻ കാറ്റാടിയന്ത്രം നിർമ്മിക്കാൻ നടത്തുന്ന ശ്രമവും അതിൽ നേടുന്ന വിജയവുമാണ് ഈ സിനിമയുടെ പ്രമേയം. സംവിധായകനെന്ന നിലയിലും മികച്ച സിനിമകൾ സംഭാവന ചെയ്യാനുള്ള ശേഷി ആദ്യ സംരംഭത്തിലൂടെ അദ്ദേഹം പുറത്തെടുക്കുന്നുണ്ട്.

## 2. പെഡ്രോ ഗോൺസാലസ് റൂബിയോ (Pedro Gonzalez Rubio)



സ്പാനിഷ് ചലച്ചിത്രകാരനായ പെഡ്രോ ഗോൺസാലസ് റൂബി യോ സംവിധായകനും തിരക്കഥാകൃത്തും ഛായാഗ്രാഹകനുമായ സർവ്വകലാപ്രതിഭയായിരുന്നു. ഒരുമെക്സിക്കൻ കാളപ്പോരുകാരനായിരുന്ന Fernando Pacheco യുടെ ജീവിതം പറയുന്ന Toro Negro (2005) എന്ന ഡോക്കുമെൻററിയാണ് തുടക്കം.

കൈകളില്ലാതെ ജനിച്ച ജോസ്ഫ്ലോറസ് എന്ന മറ്റൊരു മെക്സിക്കക്കാരന്റെ പ്രണയ ജീവിതം പറയുന്ന Born Without (2007/ Dir. Eva Norvind) എന്ന പ്രസിദ്ധ ഡോക്കുമെൻററിയുടെ ഛായാഗ്രാഹകനാ



# ഫിലിം വിഷൻ




യിരുന്നു പെദ്രോ ഗോൺ സാലസ്.

ഡോക്കുമെൻററികളും ഡോക്കുഫിക്ഷനുകളുമാണ് പെദ്രോയുടെ ചലച്ചിത്ര ലോകം. ജപ്പാനിലെ മല നിരകളിലെ ഒരു ചെറു ഗോത്രത്തിന്റെ കഥ പറയുന്ന Inori (2012), മകനും അച്ഛനും തമ്മിലുള്ള സ്നേഹബന്ധം ചിത്രീകരിക്കുന്ന Alamar (2009) എന്നിവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട സംവിധാന രചനകളാണ്.

ഛായാഗ്രാഹകനും തിരക്കഥാകൃത്തും സംവിധായകനുമെന്ന നിലയിൽ സ്പാനിഷ് സിനിമയിൽ ഇന്നും സജീവമായി നിൽക്കുകയാണ് പെദ്രോ ഗോൺസാലസ് റൂബിയോ.



## 3. ലൂയി മാരി മല്ലേ (Louis Marie Malle)



ഇന്ത്യയിൽ വന്ന് കൽക്കത്ത നഗരത്തെപ്പറ്റി ഒരു ഡോക്കുമെന്ററി നിർമ്മിച്ച്വിവാദം സൃഷ്ടിച്ച സംവിധായകനാണ് ഫ്രഞ്ച് സിനിമയിലും ഹോളിവുഡ്ഡിലും പ്രശസ്തനായിരുന്ന ലൂയി മല്ലേ. താൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന Calcultta (1968) എന്ന ഡോക്കുമെൻററി പക്ഷേ, ഇന്ത്യാ ഗവണ്മെന്റിന്റെ എതിർപ്പിന് ഇരയാകുകയും BBC ക്ക് ഇന്ത്യയിൽ സിനിമ നിർമ്മിക്കാൻ വർഷങ്ങളോളം നിരോധനത്തിനിടയാക്കുകയും ചെയ്തു.

വെള്ളത്തിനടിയിൽ വച്ചെടുത്ത മികച്ച ഡോക്കുമെൻററി കളിലൊന്നായ The Silent World (1956) ൽ ജാകിസ് കോസ്റ്റ്യൂവിനൊന്നിച്ച് സംവിധായകനായി രംഗത്തെത്തിയ ലൂയി മല്ലേ നിർവ്വചനങ്ങൾക്ക് വഴങ്ങാത്ത സംവിധായകനായാണ് കണക്കാക്കപ്പെടുന്നത്.



ഫിലിം വിഷൻ

രണ്ട് തവണ Golden Lion അവാർഡിനും നിരവധി തവണ ഓസ്കാർ നോമിനേഷനും അർഹനായിട്ടുള്ള അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രമേയപരമായും ശൈലീപരമായും തീർത്തും വ്യത്യസ്ത പുലർത്തുന്നവയായിരുന്നു.

ലൈംഗികതയുടെ പേരിൽ വിവാദമായ The Lovers (1958), ആത്മഹത്യാമുനമ്പിലെത്തിയ മനുഷ്യന്റെ കഥ പറഞ്ഞ The Fire Within (1963) , Spirits of the Dead (1968), രണ്ടാം ലോകയുദ്ധകാലത്തെ നാസി - ഫ്രഞ്ച് കൂട്ടുകെട്ട് വിവരിക്കുന്ന Lacombe, Lucien (1974), ഹോളിവുഡ് നിർമ്മാണങ്ങളായ Pretty



Baby (1978), Atlantic City (1980), 1980 കളിലെ അമേരിക്കൻ സ്വതന്ത്ര സിനിമയുടെ ഭാഗമായ My Dinner with Andre (1981) ആത്മകഥാംശമടങ്ങിയ Good bye children (1987) എന്നിവ അദ്ദേഹത്തിന്റെ ചലച്ചിത്ര സംഭാവനകളിലെ പ്രമുഖ ചിത്രങ്ങളാണ്.
1995 ൽ ലൂയി മാരിമല്ലേ നിര്യാതനായി.

## 4. നദീൻ ലബാക്കി (Nadine Labaki)



കഥ പറച്ചിലുകാരുടെ കുടുംബാന്തരീക്ഷത്തിൽ വളർന്നുവന്ന ലബനീസ് നടിയും സംവിധായികയും സാമൂഹ്യ പ്രവർത്തകയുമാണ് നദീൻ ലബാക്കി (Nadine Labaki).
ദൃശ്യകലാ പഠനത്തിന്റെ ഭാഗമായി നിർമ്മിച്ച ആദ്യ ചിത്രത്തിനു തന്നെ മികച്ച അറബ്' ഹ്യസ്വ ചിത്രത്തിനുള്ള പുരസ്കാരം ലഭിച്ചിരുന്നു. പ്രശസ്ത അറബ്

# ഫിലിം വിഷൻ



ഗായികയായ നാൻസി അജ്റാമിനു വേണ്ടി സംഗീത വീഡിയോകൾ ചെയ്യുന്നതോടെയാണ് ലബാക്കി അറബ് ലോകത്ത് വ്യാപക പ്രശസ്തി നേടിയത്.

അഭിനേത്രിയായി ചലച്ചിത്ര ജീവിതം തുടങ്ങിയ നദീൻ ലബാക്കി 2005 ൽ തന്റെ ആദ്യ ചിത്രമായ 'കാരമെൽ' സംവിധാനം ചെയ്തു. കലാപകലുഷിതമായ ബെയ്റൂട്ട് നഗരത്തെ നർമ്മഭാവനയോടെ അവതരിപ്പിക്കുകയാണ് ഈ ചിത്രത്തിൽ. രണ്ടാമത്തെ സംരംഭമായ ' Where do we go Now ' എന്ന ചിത്രത്തിലും നദീൻ ലബാക്കിയിലെ സാമൂഹ്യ



പ്രവർത്തകയുടെ രാഷ്ട്രീയം നിറഞ്ഞു നിൽക്കുന്നുണ്ട്. മതത്തിന്റെ പേരിൽ പരസ്പരം യുദ്ധം ചെയ്യുന്നതിനെതിരെ പറയുന്നിടത്തും നർമ്മം കൈവിടുന്നില്ല ലബാക്കി.

തന്നെ ജനിപ്പിച്ചതിന്റെ പേരിൽ രക്ഷാകർത്താക്കൾക്കെതിരെ നിയമനടപടിക്കൊരുങ്ങുന്ന12 കാരനായ തെരുവു ബാലന്റെ കഥ പറയുന്ന 'കഫർനാം (Capernaum)' (2018) നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയ ചിത്രമാണ്. ഓസ്കാർ നോമിനേഷൻ നേടുന്ന ആദ്യ അറബ് വനിതയായി മാറി നദീൻ ലബാക്കി. സാമൂഹ്യ മാറ്റത്തിനുള്ള ഒരു ഉപാധിയായി സിനിമക്ക് മാറാൻ കഴിയും എന്ന നിലപാടുകാരിയാണവർ. യുദ്ധത്തിനും അക്രമത്തിനുമെതിരെ നർമ്മത്തെ ആയുധമാക്കിയാണ് ലബാക്കി തന്റെ ചിത്രങ്ങൾ ചെയ്തത്.





വാർദ്ധക്യത്തിലും ഒരു സ്വപ്നഭവനം
കാരുണ്യ ഹസ്തം
കാരുണ്യ ഹസ്തം ചാരിറ്റബിൾ സൊസൈറ്റി
(Reg: TVM/TC/482/2016)
സ്നേഹ വാത്സല്യങ്ങളോടെ
പ്രായഭേദമെന്യേ
ഒരു കുടക്കീഴിൽ
ഒരു കുടുംബം പോലെ...
രക്ഷാഭവൻ പദ്ധതിയിൽ പങ്കുചേരാം.....
നന്മ ചെയ്യാൻ ആഗ്രഹമുണ്ടെങ്കിൽ
സാധ്യതകൾ അനേകമാണ്
Google Pay
97782 25704
Elizabeth George.Tc no 89/857,House no C65,GV Raja C Street,
Kannanthura,Beach Post,TVM 695 007,Trivandrum.


MS COMPUTER SOLUTION
TRIVANDRUM VELLAYANI
PIN:695522
8281400883,7025031297
subashms1991@gmail.com
*Desktop & Laptop service
*LED,LCD Monitor service
*All software installing
*virus removal & data backup
*Networking & security.
*New & Used
computer, Laptop sales
*All computer laptop Accessories.
on sit service
IBM
NEC
SONY
AMD
ATI
VAIO
FUJITSU

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ബാല്യത്തിന്റെ തേങ്ങലുകൾ ലോകസിനിമ



സാബു ശങ്കർ ( ജനറൽ സെക്രട്ടറി , ഫിൽക്ക ഫിലിം സൊസൈറ്റി )

ഏതുദേശത്തെയും ഇളം തലമുറ ആ ദേശത്തിന്റെ നിധിയാണ് . രാജ്യം എന്നാൽ ജനതയാണെങ്കിൽ ഇളം തലമുറ എന്നത് ഭാവി രാജ്യമാണ്. സാമൂഹിക സവിഷേതകൾക്ക് അനുസൃതമായി രൂപപ്പെടുന്ന വൈവിധ്യമാർന്ന ചുറ്റുപാടുകൾക്കുള്ളിലാണ് ബാല്യം തളിർക്കുന്നത്. മുകുളങ്ങൾ വിടർത്തുന്ന ഓരോ ഉദയവും അസ്തമയവും ഋതു ഭേദവും കാലാവസ്ഥയും ഇളം തലമുറയുടെ സ്വാധീന ഘടകങ്ങളാണ്. ജീവിച്ചുവളരുന്ന ചരിത്ര പരിസ്ഥിതിയിൽ ബാല്യത്തിന്റെ തേങ്ങലുകളുണ്ട്. കുട്ടികൾ കേന്ദ്ര കഥാപാത്രങ്ങളാവുന്ന ലോകസിനിമകൾ ഓർമ്മക്കുറിപ്പുകൾ കൂടിയാണ്. അവ വ്യത്യസ്തമായ അവസ്ഥകൾ പ്രതിപാദിക്കുന്നു. പ്രമേയത്തിൽ ആവിഷ്കരിക്കുന്ന സങ്കീർണ്ണതകൾ, മനശാസ്ത്രം, നിഷ്കളങ്ക ചിന്തകൾ, അങ്കലാപ്പുകൾ, പ്രതീക്ഷകൾ, ചോദ്യങ്ങൾ , ഉത്തരങ്ങൾ ഒക്കെയും മുതിർന്ന തലമുറയ്ക്ക് കൗതുക പാഠങ്ങളാണ്. ഇറാനിയൻ സംവിധയകൻ മജീദ് മജീദിയുടെ സ്വർഗ്ഗത്തിന്റെ കുഞ്ഞുങ്ങൾ (ചിൽഡ്രൻ ഓഫ് ഹെവൻ/1997 ), റഷ്യൻ ചലച്ചിത്രകാരൻ ആന്ദ്രേ തർക്കോവ്സ്കിയുടെ ഇവാന്റെ ബാല്യകാലം (ഇവാൻസ് ചൈൽഡ് ഹുഡ്/1962), ഫ്രഞ്ച് നവതരംഗ സിനിമയുടെ വക്താവായ ഫ്രാൻസ്വാ ത്രൂഫോയുടെ നാനൂറ് പുകിലുകൾ (400ബ്ലോസ്/1959), ഗ്രീക്ക് ഫിലിംമാസ്റ്റർ തിയോ ആഞ്ചലോപൗലോസിന്റെ മഞ്ഞിലെ പ്രകൃതിദൃശം (ലാൻസ്കേപ്പ് ഇൻ ദി മിസ്ററ്/1988), യൂ.കെ. മലാവി സംവിധായകൻ ചിവിറ്റൽ ഇജോഫൊർ ആവിഷ്കരിക്കുന്ന കാറ്റിനെ മെരുക്കിയ കുട്ടി (ദി ബോയ് ഹു ഹാർനെസ്സ്ഡ് ദി വിൻഡ്/2019), മെക്സിക്കൻ ചലച്ചിത്രകാരൻ പെഡ്രോ ഗോൺസാലസ് റുബിയോയുടെ 'കടലിലേയ്ക്ക്' (അലാമർ /2009), ലൂയിസ് മാലേ സംവിധാനം ചെയ്തതും ഫ്രഞ്ച് ജർമ്മൻ ഇറ്റാലിയൻ നിർമ്മിതിയുമായ 'പോയിവരാം കുട്ടികളേ' ( ഗുഡ് ബൈ ചിൽഡ്രൻ/1987) ,ലെബനീസ് നടി നദീൻ ലെബാക്കി സംവിധാനം ചെയ്ത 'കഫർനാം' (കഫർനാം/2018 ) എന്നീ എട്ട് സിനിമകൾ രക്ഷകർത്താക്കൾക്കും അധ്യാപകർക്കും കാഴ്ചപ്പാടിലുണ്ടാകേണ്ട കരുതൽ കൂടിയാണ്. പാഠ്യപദ്ധതിയിലെ ഏതാനും പുസ്തകങ്ങളും അവയുടെ ഉള്ളടക്കം ഓർത്തുവെച്ചു കൃത്യമായി എഴുതപ്പെടുന്ന പരീക്ഷകളും ഒരു കുട്ടിയുടെ ബൗദ്ധികശേഷിയെയോ ചിന്താശേഷിയെയോ ഭാവനാശക്തിയെയോ സാമർഥ്യത്തെയോ പ്രതിഭാപരമായ രൂപീകരണത്തെയോ അളക്കുന്ന സർഗ്ഗമാപിനികളല്ല. സ്വാഭാവികമായ ഇടപെടലുകൾക്ക് ഉപരിയായി ഇളം തലമുറയ്ക്ക് മേൽ പ്രത്യേക പരിഗണനയുണ്ടാവാൻ ഈ വിശ്വസിനിമകൾ എക്കാലവും സഹായകരമാണ്. ബാല്യത്തിന്റെ മനോരാജ്യത്തിലേക്ക്, കൗതുകലോകത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന ക്യാമറ ബാല്യമുഹൂർത്തങ്ങളെ കോർത്തിണക്കി ദൃശ്യകലയെ വാർത്തെടുക്കുന്നു. ഓരോ സിനിമയും വ്യത്യസ്തമായ ആഖ്യാനത്തിലൂടെ ബാല്യത്തിന്റെ വൈവിധ്യമാർന്ന ദിക്കുകൾ കണ്ടെത്തുന്നു.

→

## ബാല്യത്തിന്റെ തേങ്ങലുകൾ






# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ചിൽഡ്രൻ ഓഫ് ഹെവൻ / ഇറാൻ / 1997 / 95 മിനിറ്റ് / സംവിധാനം: മജീദ് മജീദി



നിരൂപകർ വിറ്റോറിയ ഡി സീക്കയുടെ ബൈസിക്കിൾ തീവ്സ് എന്ന ചിത്രത്തിന്റെ അത്രയും പ്രാധാന്യം നൽകുന്ന സിനിമയാണിത് . ഹൃദയവിശുദ്ധിയിൽ തിളങ്ങുന്ന ആഖ്യാനം . ഒൻപത് വയസ്സുള്ള അലിയും സഹോദരി ആറ് വയസ്സുള്ള സാഹിറയുമാണ് കേന്ദ്ര കഥാപാത്രങ്ങൾ . യഥാതഥ പ്രതീതി ദൃശ്യത്തിൽ പകർത്താൻ ടെഹ്റാൻ നഗരത്തിന്റെ ദക്ഷിണ ഭാഗത്തുള്ള ദരിദ്രമേഖലയാണ് പശ്ചാത്തലമായി തെരഞ്ഞെടുത്തിരിക്കുന്നത് . പലപ്പോഴും രഹസ്യ സ്വഭാവത്തോടെയുള്ള ചിത്രീകരണം . 1998 ൽ മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡിന് നാമനിർദേശം ചെയ്യപ്പെട്ട ഈ സിനിമ ഇളം തലമുറയെയും ആകർഷിക്കുന്നു .

സാഹിറയുടെ പഴകിയ പിങ്ക് നിറമുള്ള ഷൂസ് നന്നാക്കാൻ അലി ഒരു ചെരുപ്പുകുത്തിയുടെ അടുക്കൽ ഇരിക്കുന്നു . നന്നാക്കിയ ഷൂസുമായി അവൻ റൊട്ടി വാങ്ങുന്ന സ്ഥലത്തെത്തി .

അവിടെ നിന്നും പച്ചക്കറിക്കടയിൽ . കയ്യിലിരുന്ന സാധനങ്ങൾ പച്ചക്കറിപെട്ടികൾക്കിടയിൽ വെച്ച് അകത്തുകയറി ഉരുളക്കിഴങ്ങ് പെറുക്കാൻ തുടങ്ങി . അപ്പോൾ ആ വഴിയെത്തിയ ആക്രി കച്ചവടക്കാരൻ അനാവശ്യവസ്തുക്കൾക്കൊപ്പം ഷൂസും കൊണ്ടുപോകുന്നു . ഉരുളക്കിഴങ്ങുമായി പുറത്തേക്കിറങ്ങിയ അലി ഷൂസ് തിരയുന്നു . പച്ചക്കറികൊട്ടകൾ മറിഞ്ഞു വീഴുമ്പോൾ കടക്കാരൻ അവനെ വഴക്കുപറഞ്ഞു ഓടിക്കുന്നു . അലി വീണ്ടും തിരികെ വന്നു ഷൂസ് വീണ്ടെടുക്കാൻ ശ്രമിച്ചെങ്കിലും വിഫലമായി .

—

അലിയുടെ മാതാപിതാക്കൾ ദരിദ്രരാണ് . സാമ്പത്തിക ക്ലേശങ്ങൾ ഏറെയുണ്ട് . മാതാവ് രോഗിണിയുമാണ് . പിതാവിന് വരുമാനം തീരെകുറവ് . അതുകൊണ്ടു ഷൂസ് നഷ്ടപ്പെട്ട വിവരം പറയാൻ അലി മടിച്ചു .എന്നാൽ സാഹിറയോട് ഷൂസ് നഷ്ടപ്പെട്ട വിവരം പറയുന്നു . അമ്മയോട് പറയരുതെന്ന് അവൻ അപേക്ഷിക്കുന്നു . അമ്മയെ വീട്ടുജോലികളിൽ സഹായിക്കുന്നില്ല എന്ന കാരണത്താൽ അലിയെ പിതാവ് ശകാരിക്കുകയും ചെയ്യുന്നു .സങ്കടത്തിലായ അലിയും സാഹിറയും പഠനത്തിനിടയിൽ ഷൂസ്പ്രശ്നം എങ്ങനെ പരിഹരിക്കാമെന്ന് കുറിപ്പുകൾ എഴുതി കൈമാറുന്നു.

അവർ ഒരു ഉപായത്തിലെത്തി . രാവിലെ സാഹിറ സ്കൂളിൽ പോകുമ്പോൾ അലിയുടെ ഷൂസ് ധരിക്കും . ഉച്ചയ്ക്ക് അവൾ തിരിച്ചെത്തുമ്പോൾ ഷൂസ് അലിക്ക് കൊടുക്കും . അത് ധരിച്ച് അവൻ സ്കൂളിൽ പോകും . അങ്ങനെ സാഹിറ അലിയുടെ ഷൂസ് ധരിച്ച് സ്കൂളിൽ പോകുന്നു . ഉച്ചയ്ക്ക് തിരികെയെത്തി ഷൂസ് അലിക്ക് കൈമാറുന്നു . അലി ഷൂസ് ധരിച്ച് സ്കൂളിലേക്ക് ഓടുന്നു . അവൻ സ്കൂളിലെത്തുമ്പോൾ ഗേറ്റ് അടഞ്ഞു കിടക്കുകയാണ്. ക്ലാസ് മുറിയിലേക്ക് ഓടിക്കയറുന്ന അവനെ പ്രിൻസിപ്പൽ തടഞ്ഞ് ചോദ്യം ചെയ്തു .

വൈകിയെത്താനുള്ള കാരണത്തിൽ തൃപ്തിയില്ലെങ്കിലും ഇനി ആവർത്തിക്കരുതെന്ന് താക്കീതുനൽകി ക്ലാസിൽ കയറാൻ അനുവദിക്കുന്നു.

വീട്ടിലെത്തുന്ന അലിയോട് സാഹിറ ചോദിച്ചു . കൃത്യ സമയത്തു സ്കൂളിൽ എത്തിയോ ? അലി പറഞ്ഞു . ഇല്ല . ഇനി സാഹിറ നേരെത്തെ എത്തണം . അലി തന്റെ പഴകിയ ഷൂസ് സോപ്പിട്ട് കഴുകി വൃത്തിയാക്കി ഉണങ്ങാൻ വെച്ചു . കൂട്ടുകാർ അവനെ കളിക്കുവാൻ വിളിക്കുമ്പോൾ പോകാൻ കഴിയുന്നില്ല . അമ്മയ്ക്ക് സുഖമില്ല എന്ന് പറഞ്ഞു ഒഴിഞ്ഞുമാറി.

അന്ന് രാത്രി ഭക്ഷണം കഴിക്കുമ്പോൾ അലിയുടെ പിതാവ് പറഞ്ഞു. കൂടുതൽ ശമ്പളം കിട്ടുമ്പോൾ കുട്ടികൾക്ക് എന്തെങ്കിലും വാങ്ങിക്കൊടുക്കണം . അലിക്കും സാഹിറയ്ക്കും പ്രതീക്ഷയേറി . രാത്രിമഴ പെയ്തപ്പോൾ സാഹിറ അവനെ ഓർമ്മിപ്പിച്ചു . ഷൂസ് പുറത്താണ് .അവൻ പുറത്തേക്കിറങ്ങി ഷൂസെടുത്തു .



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



പിറ്റേന്ന് പതിവ് പോലെ സാഹിറ ഷൂസുമിട്ട് സ്കൂളിലേക്ക് പോകും വഴി ഒരു ചെരിപ്പുകടയിൽ കയറി ചെരിപ്പുകൾ നോക്കുന്നു . അതിൽ ഒരു പിങ്ക് ഷൂസ് അവളുടെ കണ്ണിൽപ്പെട്ടു .
ക്ലാസിൽ നിന്ന് സാഹിറ നേരത്തെ ഇറങ്ങണം . അലി കാത്തു നിൽപ്പുവും . അവൾ നോട്ട്ബുക്ക് ടീച്ചറെ കാണിച്ച് ക്ലാസിട്ടിറങ്ങി ഓടി . ഇടയ്ക്ക് അഴുക്ക് ചാലിൽ ഷൂസ് വീണു . അത് ഒഴുക്കിൽപ്പെട്ട് പോകുകയാണ് . ഒടുവിലത് ഒരു സ്ലാബിനടിയിൽ കുരുങ്ങി .കരഞ്ഞുകൊണ്ട് നിന്ന സാഹിറയെ ഒരാൾ ആശ്വസിപ്പിച്ചു . അയാൾ കുരുങ്ങികിടന്ന ഷൂസിനെ ഇളക്കിവിട്ടു . ഒഴുകിനീങ്ങിയ ഷൂസിനെ മറ്റൊരാൾ തോണ്ടിയെടുത്ത് സാഹിറയ്ക്ക് കൊടുത്തു .

അലി കാത്ത് നിൽക്കുകയാണ് . സമയം വൈകുന്നു . സ്കൂളിൽ താമസിച്ചെത്തിയാൽ തല്ലുകൊള്ളും . സാഹിറ കാര്യം പറഞ്ഞു . അലി ഷൂസ് ധരിച്ചുകൊണ്ട് സ്കൂളിലേക്ക് ഓടി . ക്ലാസിൽ കയറും മുൻപ് പ്രിൻസിപ്പൽ അവനെ പിടികൂടി . താമസിക്കാനുണ്ടായ കാരണങ്ങൾ പ്രിൻസിപ്പലിന് ബോധ്യപ്പെടുന്നില്ലെങ്കിലും ഒരിക്കൽ കൂടി അവനെ ക്ലാസിൽ കയറാൻ അനുവദിച്ചു. പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് വാങ്ങിയ അലിക്ക് ഒരു പേന സമ്മാനമായി കിട്ടി . അവനതു സാഹിറയ്ക്ക് സമ്മാനിച്ചു . എങ്കിലും അവൾക്ക് ഷൂസ് നഷ്ടപ്പെട്ടതിന്റെ സങ്കടം മാറിയിട്ടില്ല .

സ്കൂളിൽ വെച്ച് മറ്റൊരു കുട്ടിയുടെ കാലിൽ കിടക്കുന്ന തന്റെ പഴയ പിങ്ക് ഷൂസ് സാഹിറ ശ്രദ്ധിച്ചു . സ്കൂൾ വിട്ട് പോകുമ്പോൾ സാഹിറ ആ പെൺകുട്ടിയെ പിന്തുടർന്ന് വീട് കണ്ടുപിടിച്ചു .

അലി ഓടിയോടി സ്കൂളിലെത്തി . വീണ്ടും വൈകിയിരിക്കുന്നു . പ്രിൻസിപ്പൽ അവനെ സ്കൂളിൽ നിന്ന് പുറത്താക്കി . എന്നാൽ ആ വഴിവന്ന അധ്യാപകൻ അവനെ ആശ്വസിപ്പിച്ചു . അലി നന്നായി പഠിക്കുന്ന മേകുട്ടിയാണെന്ന് അധ്യാപകൻ പ്രിൻസിപ്പലിനെ ധരിപ്പിച്ചു . പ്രിൻസിപ്പൽ അലിയെ അവസാനമായി താക്കീതു ചെയ്തു ക്ലാസിൽ കയറാൻ അനുവദിച്ചു .

അലിയും സാഹിറയും പഴയ പിങ്ക് ഷൂസ് ധരിക്കുന്ന പെൺകുട്ടിയുടെവീടിനു മുന്നിലെത്തി . അപ്പോൾ അവർ കാണുന്നത് ആ പെൺകുട്ടിയുടെഅന്ധനായ പിതാവിനെയാണ് . ഒരു തെരുവ്കച്ചവടക്കാരൻ .അയാളോടൊപ്പം വഴികാട്ടിയായി നടക്കുകയാണ് ആ പെൺകുട്ടി . അനുകമ്പ തോന്നിയ അലിയും സാഹിറയും അവിടെ നിന്നും പിൻവലിഞ്ഞു .അലിയുടെ പിതാവ് കൂടുതൽ വരുമാനമുണ്ടാക്കാൻ പൂന്തോട്ടപ്പണിചെയ്യാൻ നിശ്ചയിച്ചു . ഒരു സൈക്കിളിൽ അലിയെയും കയറ്റി സമ്പന്നർ താമസിക്കുന്ന ഭാഗത്ത് ചെന്ന് ജോലി അന്വേഷിച്ചു . പലയിടങ്ങളിലും അവഗണിക്കപ്പെടുന്ന അവർക്ക് ഒടുവിൽ ഒരു സമ്പന്നന്റെ വീട്ടിൽ പണികിട്ടി . നല്ല കൂലിയും കിട്ടി . തിരികെ അലിയെയും കൂട്ടി സൈക്കിളിൽ മടങ്ങുമ്പോൾ പിതാവ് പറഞ്ഞു .
പ്രതിഫലത്തിൽ നിന്ന് അലിക്കും സാഹിറയ്ക്കും പുതിയ ഷൂസ് വാങ്ങും . പെട്ടെന്ന് ബ്രെയ്ക്ക് പൊട്ടിയ സൈക്കിൾ ഇറക്കത്തിൽ അതിവേഗം പാഞ്ഞു മരത്തിലിടിച്ചു .
തലയ്ക്ക് പരിക്ക് പറ്റിയ ആ പിതാവിന് ഷൂസ് വാങ്ങാൻ കഴിഞ്ഞില്ല .

ആ പ്രവിശ്യയിൽ സ്കൂൾ കുട്ടികൾക്കായി ഒരു ഓട്ടമത്സരം നടക്കാൻപോകുന്നു . ഓരോ സ്കൂളിൽ നിന്നും ഒന്നോ രണ്ടോ പേരെതെരഞ്ഞെടുക്കും . ഒന്നാം സമ്മാനം ഒരു ജോഡി സ്പോർട്സ്സ്യൂട്ടും വിനോദയാത്രയും . രണ്ടാം സമ്മാനം സ്കൂൾ ഉപകരണങ്ങളും വിനോദയാത്രയും. മൂന്നാം സമ്മാനം ഒരു ജോഡി ഷൂസും വിനോദയാത്രയും. അലിക്ക് പ്രതീക്ഷയേറി . മൂന്നാം സമ്മാനം വാങ്ങണം . സാഹിറയ്ക്ക് വേണ്ടി ഒരു ജോടി ഷൂസ് കരസ്ഥമാക്കണം . പക്ഷെ പേര് ചേർക്കാൻ താമസിച്ചു . അലി കായിക അധ്യാപകനെ സമീപിച്ചു ഉറപ്പുകൊടുത്തു. താൻ സമ്മാനം നേടുമെന്ന് . അവനെ ഓടിപ്പിച്ച് വേഗത ബോധ്യപ്പെട്ട അധ്യാപകൻ അവന്റെ പേരും മത്സരത്തിൽ ചേർത്തു.



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

അലി സാഹിറയോട് പറഞ്ഞു . താൻ ഓട്ടമത്സരത്തിൽ ജയിക്കും . മൂന്നാംസമ്മാനം നേടും. ഒരു ജോഡി ഷൂസ് നേടും . അപ്പോൾ സാഹിറ ചോദിച്ചു. ഒന്നാം സമ്മാനം വേണ്ടേ ? അവൻ പറഞ്ഞു . നിനക്ക് വേണ്ടി മൂന്നാം സമ്മാനം മതി .

ഓട്ടമത്സരം ആരംഭിച്ചു. ഒരു തടാകത്തിനു ചുറ്റുമായുള്ള ദീർഘദൂര ഓട്ടം. വിവിധ സ്കൂളുകളിൽ നിന്ന് ഒട്ടേറെ കുട്ടികൾ പങ്കെടുക്കുന്നു. എല്ലാ കുട്ടികളും നല്ല ഷൂസാണ് ധരിച്ചിട്ടുള്ളത് . എങ്കിലും അലി പഴകിപൊളിഞ്ഞ ഷൂസിട്ടുകൊണ്ടു ആത്മധൈര്യത്തോടെ ഓടി. പിന്നിലാവുമ്പോഴൊക്കെ അവൻ സാഹിറയെ ഓർത്തു. കൃത്യസമയത്തു സ്കൂളിലെത്താനുള്ള ഓട്ടങ്ങൾ. ഓട്ടത്തിൽ മുന്നിലെത്തിയ അലിയെ മറ്റൊരുകുട്ടി തള്ളിവീഴ്ത്തി. അലി എഴുന്നേറ്റ് വീണ്ടും ആത്മവിശ്വാസത്തോടെ ഓടിക്കയറി. അവന്റെ മനസ്സിൽ മൂന്നാം സമ്മാനമാണ്. അവസാനഭാഗത്ത് എത്താറായപ്പോൾ പ്രിൻസിപ്പലും കായിക അധ്യാപകനും അവനെ പ്രോത്സാഹിപ്പിച്ചു.

ഓട്ടം പൂർത്തിയായപ്പോൾ അവർ തുള്ളിച്ചാടി. അവശനായി വീണ അവനെ താങ്ങിയെടുത്ത് പ്രിൻസിപ്പൽ പറഞ്ഞു. നിനക്കാണ് ഒന്നാം സമ്മാനം . അലി നിരാശയോടെ ചോദിച്ചു . മൂന്നാം സമ്മാനം അല്ലേ ?

അലിയുടെ പിതാവ് കടയിൽ നിന്ന് പലവിധ സാധനങ്ങൾ വാങ്ങി. സൈക്കിളിൽ കെട്ടിവെച്ചു. അതിൽ രണ്ടു പുതിയ ഷൂസുകൾ . ഒന്നിന് പിങ്ക് നിറം.

ഓട്ടമത്സരം കഴിഞ്ഞ് അലി വീട്ടിലെത്തി. അവൻ ആകെ തളർന്നിരുന്നു. മുഖത്തു ഒരു വിജയിയുടെ പ്രസാദമില്ല. സാഹിറ അവന്റെ നിരാശ ശ്രദ്ധിച്ചു. അവൻ സങ്കടത്തോടെ അവളെ അറിയിച്ചു . ഒന്നാം സമ്മാനമാണ് കിട്ടിയത് .

അലി നിരാശയോടെ പൊട്ടിപ്പൊളിഞ്ഞ ഷൂസ് കാലിൽ നിന്ന് ഊരിമാറ്റി. കാലുകളിൽ ചെറിയ മുറിവ് . അവൻ നടുമുറ്റത്തെ ജലസംഭരണിയിൽ കാലുകൾ ഇറക്കിയിരുന്നു എന്തോ ആലോചിച്ചു . പോറലുകളേറ്റ അവന്റെ കാലുകൾക്ക് ചുറ്റും സ്വർണ്ണമത്സ്യങ്ങൾ പൊതിഞ്ഞു ...



## ഇവാൻസ് ചൈൽഡ് ഹുഡ് / റഷ്യ / 1962 / 95 മിനിറ്റ് / സംവിധാനം: ആന്ദ്രേ തർക്കോവ്സ്കി

രണ്ടാം ലോകമഹായുദ്ധ കാലത്ത്, ജർമ്മൻ – നാസി സേനയാൽ മാതാവിനെയും സഹോദരിയെയും നഷ്ടപ്പെട്ട അനാഥനായ ഇവാൻ എന്ന കുട്ടിയാണ് കേന്ദ്ര കഥാപാത്രം. ദേശീയ വികാരത്തെ മഹത്വവൽക്കരിക്കുന്ന ക്രെയ്ൻസ് ആർ ഫ്ളയിങ് , ബല്ലാർഡ് ഓഫ് എ സോൾജിയർ തുടങ്ങിയ റഷ്യൻ സിനിമകൾക്കൊപ്പം ഈ ചിത്രവും ചലച്ചിത്ര ചരിത്രത്തിന്റെ ഭാഗമാണ് . ചിത്രം നിർമ്മിച്ച 1962 ൽ സംവിധായകൻ ആന്ദ്രേ തർക്കോവ്സ്കി പറഞ്ഞു:

"യുദ്ധത്തോടുള്ള വിമുഖത വ്യക്തമാക്കാൻ ഏറ്റവും ഉചിതം ബാല്യമാണ്."

1962 ലെ വെനീസ് ഫെസ്റ്റിവലിലും സാൻ ഫ്രാൻസിസ്കോ ഇന്റർനാഷണൽ ഫെസ്റ്റിവലിലും ഈ ചിത്രം പുരസ്കാരം നേടി . അക്കാദമി അവാർഡിന് മികച്ച വിദേശഭാഷാ ചിത്രമെന്ന നിലയിൽ പരിഗണിക്കപ്പെട്ടു. ഇങ്മർ ബെർഗ്മാൻ , സെർജി പരാജനോവ്, ക്രിസ്റ്റോഫ് കീസ്ലോവ്സ്കി തുടങ്ങിയവർ ഈ ചിത്രത്തെ പ്രകീർത്തിച്ചു .

ജർമ്മൻ സേനയെ തുരത്താനുള്ള റഷ്യൻ സേനയുടെ പോരാട്ടം നടക്കുന്നു . പന്ത്രണ്ടു വയസ്സുള്ള ഇവാൻ ബോന്ദറെവ് കുയിലൊച്ച ഉയരുന്ന പ്രകൃതിയും വെള്ളവുമായി വരുന്ന അമ്മയും ഒക്കെയുള്ള സ്വപ്നത്തിൽ നിന്ന് വെടിയൊച്ചകൾ കേട്ട് ഞെട്ടിയുണരുന്നു. ജർമ്മൻ സേന ആളുകളെകൊന്നും വീടുകൾ തകർത്തും അധിനിവേശം നടത്തുന്നു .



# ഫിലിം വിഷൻ



ഇവാൻ അവിടെ നിന്നും രക്ഷപ്പെടുന്നു. നദി നീന്തിക്കടന്നു മറുകരയെത്തി. അവിടെ റഷ്യൻ സേനയുടെ പിടിയിലായി. ലഫ്റ്റനന്റ് ഗാൽത്തസേവ് ഇവാനെ ചോദ്യം ചെയ്തു . ഇവാൻ ആവശ്യപ്പെട്ടു : വോൾഗ ഹെഡ് ക്വാർട്ടേഴ്സ് 51 നെ വിളിക്കൂ. ഇവാൻ ബോന്ദറെവ് ആണെന്ന് പറയൂ. ഗാൽത്തസേവ് ആദ്യം അവന്റെ ആവശ്യങ്ങൾ നിഷേധിക്കുന്നുവെങ്കിലും ഒടുവിൽ ഫോൺ ചെയ്യുന്നു.

ലഫ് . കേണൽ ഗ്രിയാസ്നോവ് നിർദേശിച്ചു: ഇവാന് പെൻസിലും കടലാസ്സും കൊടുക്കൂ. അവിടെ നടന്നത് എഴുതട്ടെ. വളരെ കാര്യമായി ഇവാനെ നോക്കണം ... ഇവാനെ സുരക്ഷിതമാക്കുന്നതിൽ റഷ്യൻ സൈനികർ ശ്രദ്ധിച്ചു .

ഇവാൻ ഓർമ്മകളിൽ അലഞ്ഞു . കിണറുവെള്ളത്തിൽ പ്രഭാത നക്ഷത്രത്തെ കാണിച്ചുകൊടുക്കുന്ന അമ്മ. പിതാവ് അതിർത്തിയിൽ കാവൽക്കാരനായ ഒരു സേനാനിയാണ് .

ശത്രുസേനയുടെ ആക്രമണത്തിൽ അമ്മയും സഹോദരിയും കൊല്ലപ്പെട്ടു.

സൈനികർ ഇവാനെ ഒരു ബോർഡിങ് സ്കൂളിലാക്കാൻ തീരുമാനിക്കുന്നു. പക്ഷെ ഇവാൻ അവിടെനിന്നും ഓടിപ്പോകുന്നു. തകർന്നുകിടക്കുന്ന പ്രാന്തപ്രദേശത്തു സൈന്യം അവനെ കണ്ടെത്തുന്നു. അവൻ ലഫ്. കേണൽ ഗ്രിയാസ്നോവിന്റെ സംഘത്തിലെത്തി. ശത്രുസേനയെ നേരിടാനാണ് അവനു താൽപര്യം. എന്നാൽ കുട്ടിയായ ഇവാനെ പട്ടാള പരിശീലന സ്കൂളിൽ ചേർക്കാൻ ഗ്രിയാസ്നോവ് ആലോചിക്കുന്നു. അതിൽ താൽപര്യമില്ലാത്ത ഇവാൻ അവിടെനിന്നും ഓടിപ്പോകുമെന്നു സൈന്യം മനസിലാക്കുന്നു. ആ പദ്ധതി ഉപേക്ഷിക്കുന്നു. ഇവാന് യുദ്ധമുന്നണിയിൽ സൈനീകർക്കൊപ്പം പോരാടാനാണ് ഉത്സാഹം. അമ്മയെയും സഹോദരിയെയും നാട്ടുകാരെയും കൊലപ്പെടുത്തിയ ശത്രുസേനയെ എതിരിടാനാണ് അവൻ ആഗ്രഹിക്കുന്നത്.

ഇതിനിടെ ക്യാപ്റ്റൻ ഖൊലിനും സൈനീക നേഴ്സായ മാഷയും ഇഷ്ടത്തിലായി . എന്നാൽ ക്യാപ്റ്റൻ ഗാൽത്തസേവ് മാഷയെ സ്നേഹിക്കുന്നുമുണ്ട്. സൈനീക സംഘം ഭൂഗർഭ മുറിയിലാണ് കഴിച്ചുകൂട്ടുന്നത്. സൈനീകകേന്ദ്രത്തിൽ നിന്നുള്ള ആജ്ഞകൾക്കായി കാത്തിരിക്കുന്നു . അവിടെ ഒരു മുറിയുടെ ഭിത്തിയിൽ മുൻപ് ജർമ്മൻ സേന പിടികൂടി തടവിലാക്കിയവരുടെ അവസാന വാക്കുകൾ കോറിയിട്ടിരിക്കുന്നത് ഇവാൻ വായിച്ചെടുക്കുന്നു.

ഒരു രാത്രി ക്യാപ്റ്റൻ ഖൊലിനും ക്യാപ്റ്റൻ ഗാൽത്തസേവും ഇവാനെ കൂടുതൽ സുരക്ഷിതത്വത്തിനായി മറുകര എത്തിക്കാൻ സഹായിക്കുന്നു. യുദ്ധത്തിന് നടുവിൽ വനത്തിലൂടെ ഇവാൻ അപ്രത്യക്ഷമാവുന്നു. ക്യാപ്റ്റൻ ഖൊലിനും ക്യാപ്റ്റൻ ഗാൽത്തസേവും തിരികെ പോകുംവഴി ജർമ്മൻ സേന തൂക്കിക്കൊന്ന രണ്ടു റഷ്യൻ സ്കൗട്ടുകളുടെ ശവശരീരം കാണുന്നുണ്ട്.

റഷ്യൻ സേന ബെർലിനിൽ പ്രവേശിച്ചു . ജർമ്മനി അടിയറവ് പറഞ്ഞിരിക്കുന്നു . ഹിറ്റ്ലറും കൂട്ടാളികളും പാർത്തിരുന്ന ഭൂഗർഭകേന്ദ്രം തകർക്കപ്പെട്ടിരിക്കുന്നു . ആ പോരാട്ടത്തിൽ ക്യാപ്റ്റൻ ഖൊലിൻ കൊല്ലപ്പെടുന്നു. അവശിഷ്ടങ്ങൾക്കിടയിൽ ക്യാപ്റ്റൻ ഗാൽത്തസേവ് ചില രേഖകൾകണ്ടെത്തുന്നു. ആ രേഖകളിലൊന്നിൽ ഇവാന്റെ ചിത്രമുണ്ട്.

അവൻ പിടിക്കപ്പെട്ടതും അവനെ തൂക്കിക്കൊന്നതും സൂചിപ്പിക്കുന്ന രേഖ കണ്ട് ക്യാപ്റ്റൻ ദുഖിതനായി. ക്യാപ്റ്റൻ വധശിക്ഷ നടപ്പാക്കിയിരുന്ന ഒരു മുറിയിലെത്തി. ക്യാപ്റ്റൻ ഇവാനെ കുറിച്ച് ഓർക്കുന്നു ...

ഇവാനും അവന്റെ അമ്മയും ...

നദീതീരത്ത് ഒളിച്ചുകളിക്കുന്ന കുട്ടികൾ...

അവരോടൊപ്പം ഇവാൻ...

അവന്റെ സഹോദരിയായ കൊച്ചുപെൺകുട്ടി ...

ഇവാനും പെൺകുട്ടിയും കളിച്ചിരിയുമായി തീരത്തിലൂടെ ഓടുകയാണ് ...





# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033



## 400 ബ്ലോസ് / ഫ്രാൻസ് / 1959 / 90 മിനിറ്റ് / സംവിധാനം: ഫ്രാൻസ്വ ത്രൂഫോ

ഫ്രഞ്ച് നവതരംഗ സിനിമയുടെ ദൃശ്യചാരുതയായ ഓഥർ സിന്ദ്ധാന്തം എന്ന വീക്ഷണം ഈ ചിത്രത്തിന്റെ ആഖ്യാനത്തിലുണ്ട്. തിരക്കഥ അതേപടി നാടകം പോലെ പകർത്തിവെയ്ക്കുകയല്ല, മറിച്ച് ക്യാമറയെ പേനപോലെ ഉപയോഗിച്ചുകൊണ്ട് ദൃശ്യത്തിലെ അവസ്ഥകളെ പ്രത്യക്ഷമാക്കാൻ സംവിധായകൻ യുക്തിപൂർവ്വം ഉപയോഗിക്കുന്നു. ഒരു ചലച്ചിത്രത്തിന്റെ എല്ലാ ഘടകങ്ങൾക്കും മേൽനോട്ടം വഹിക്കുന്ന സംവിധായകനാണ് സിനിമയുടെ സ്രഷ്ടാവ് എന്ന് ഉറപ്പിക്കുന്നു. കഥാപാത്രങ്ങളുടെ സ്വാഭാവിക ചലനങ്ങൾക്കും പ്രതികരണങ്ങൾക്കും പ്രാധാന്യം നൽകുന്നു .



അന്റോണിൻ ഡോയ്നെൽ എന്ന സ്കൂൾ കുട്ടിയാണ് കേന്ദ്ര കഥാപാത്രം. സ്വാതന്ത്ര്യം എവിടെ ആവശ്യമായി വരുന്നോ അവിടെ ചുറ്റുപാടിനോടുള്ള നിഷേധവും ഉണ്ടാവും . ആവശ്യമായ സ്വാതന്ത്ര്യം തേടുന്ന അന്റോണിൻ ഒരു ധീരനും ഭാവനാ സമ്പന്നനുമായ കുട്ടിയാണ്. ഒന്നിനെയും അവൻ ഭയപ്പെടുന്നില്ല . കാരണം അവൻ നിഷ്കളങ്കമായും ന്യായമായും ചിന്തിക്കുന്നു . അതുകൊണ്ടുതന്നെ പലപ്പോഴും അവന്റെ പ്രതിയോഗികൾ അധ്യാപകരും മാതാപിതാക്കളുമാണ്. നിഷ്കളങ്കബാല്യത്തിന്റെ വികൃതികൾ സിനിമയിൽ നിറഞ്ഞുനിൽക്കുന്നു .1959 ൽ കാൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായകനുള്ള പുരസ്കാരം നേടി 1960 ൽ മികച്ച തിരക്കഥയ്ക്കുള്ള അക്കാദമി അവാർഡിന് നാമനിര്ദേശമുണ്ടായി . ഫ്രഞ്ച് സിനിമാ ചരിത്രത്തിൽ എക്കാലത്തെയും മികച്ച സിനിമകളിലൊന്നായി ഈ ചിത്രത്തെ 2012 ൽ സൈറ്റ് ആൻഡ് സൗണ്ട് മാസികയും തെരഞ്ഞെടുത്തിരുന്നു .

ക്ലാസിനിടയിൽ കുട്ടികൾ ഒരു അർദ്ധനഗ്നയായ യുവതിയുടെ ചിത്രം കാണുന്നു. അധ്യാപകൻ അന്റോണിനെ പിടികൂടുന്ന. ക്ലാസ്മുറിയുടെ മൂലയ്ക്ക് നിർത്തുന്നു. ഇടവേളയ്ക്കു പോലും അവനെ ഒറ്റയ്ക്ക് മുറിയിൽ നിർത്തി അധ്യാപകൻ ശിക്ഷിച്ചു. അവൻ ബോർഡിന്റെ പിന്നിലെ ഭിത്തിയിൽ എഴുതി. കണ്ണിനു പകരം കണ്ണ്. പല്ലിനു പകരം പല്ല്. കുട്ടികൾ തിരികെയെത്തുമ്പോൾ അത് കൗതുകത്തോടെ കാണുന്നു . അധ്യാപകൻ അത് മായ്ച്ചുകളയാൻ അന്റോണിനോട് നിർദേശിച്ചു. അധ്യാപകന്റെ ചോദ്യങ്ങൾക്കു കുട്ടികൾ കൃത്യമായ



ഉത്തരം നൽകുന്നില്ല. ഓരോരുത്തരുടെയും പ്രതികരണങ്ങൾ മറ്റുള്ളവർക്ക് ചിരിപകരുന്നു. സ്കൂളിന് പുറത്ത് വെച്ച് മറ്റൊരു കുട്ടിയുടെ മുഖത്തുള്ള കണ്ണാടി കണ്ടിട്ട് അന്റോണിൻ ചോദിച്ചു : ഇത് വാങ്ങാൻ നിനക്ക് എവിടെനിന്നു പണം കിട്ടി ? അപരൻ പറഞ്ഞു : വീട്ടിൽ നിന്നും. അപ്പോൾ അന്റോണിൻ തന്റെ കൂട്ടുകാരനോട് പറഞ്ഞു: നമുക്കും പണം ഉണ്ടാക്കണം.

വീട്ടിലെത്തുന്ന അവൻ മേശയിൽ നിന്ന് പണമെടുത്ത് പോക്കറ്റിൽ തിരുകുന്നു. ഭക്ഷണത്തിനു പാത്രങ്ങൾ നിരത്തിയപ്പോൾ അമ്മ ചോദിച്ചു: മാവ് വാങ്ങിച്ചോ ?. അവൻ പറഞ്ഞു . ഏത് മാവ് ? അമ്മ ശാസിച്ചു. ഒരു ബോധവുമില്ല . വാങ്ങിക്കൊണ്ടുവരൂ .

# ഫിലിം വിഷൻ

അവൻ പുറത്തേക്കിറങ്ങി. മാവു വാങ്ങി തിരികെ വരുമ്പോൾ ഏതാനും സ്ത്രീകൾ സംസാരിക്കുന്നു. ശാരീരികവേഷയം അവൻ കൗതുകത്തോടെ ശ്രദ്ധിച്ചു. വീട്ടിലെത്തുമ്പോൾ പിതാവുമുണ്ട്. അയാൾ ഉപദേശിച്ചു. അമ്മയെ ഭ്രാന്ത് പിടിപ്പിക്കരുത്.

പുതിയ പേന കാണുവാൻ ഇടയായ അവനോടു അയാൾ ആരാഞ്ഞു. ഇതെവിടെ നിന്നു കിട്ടി ? അവൻ കൂസലില്ലാതെ പറഞ്ഞു . എനിക്ക് ചില്ലറ ബിസിനസ്സുണ്ട്.

സ്കൂളിലേക്ക് പോകും വഴി കൂട്ടുകാരൻ റെനെയോ കാണുമ്പോൾ അവർ ആസൂത്രണം ചെയ്യുന്നു. സിനിമയ്ക്ക് പോകാം. ഗെയിം കളിക്കാം. മരണകിണറിൽ കറങ്ങാം ...

അവർ തിരികെ പോകുമ്പോൾ വഴിയിൽവെച്ച് ചുംബിച്ചുനിൽക്കുന്ന സ്ത്രീപുരുഷന്മാർ . അതിലൊന്ന് അവന്റെ അമ്മയാണ്. പുരുഷൻ മറ്റൊരാൾ.

അന്റോണിനും റെനോയും ഒളിപ്പിച്ചുവെച്ച സ്കൂൾ ബാഗുകൾ പുറത്തെടുക്കുന്നത് മറ്റൊരു സഹപാഠി ഒളിച്ചുനിന്നു കാണുന്നുണ്ട്. സ്കൂൾ ബാഗ് എടുക്കുന്ന അവർ രണ്ടുപേരും സ്കൂളിൽ കയറാൻ കൂട്ടാക്കുന്നില്ല. ഒരു ലീവ് ലെറ്റർ തയ്യാറാക്കാൻ തീരുമാനിക്കുന്നു. കൂട്ടുകാരന്റെ കയ്യിൽ മുൻപ് അവന്റെ അമ്മ എഴുതിയ അവധിഅപേക്ഷയുടെ മാതൃകയുണ്ട്. അതുപോലെ തന്നെ അന്റോണിൻ പകർത്തിയെഴുതി. അവന്റെ അമ്മ എഴുതുന്ന പോലെ. പക്ഷെ എന്റെ മകൻ റെനോ എന്നുതന്നെ എഴുതുന്ന അന്റോണിൻ തെറ്റ് മനസിലാക്കി അത് തീയിലിടുന്നു.

–

രാത്രിയിലെത്തുന്ന പിതാവ് അവനോടു പറഞ്ഞു. അമ്മ വരാൻ താസിക്കും . നമുക്ക് കഴിക്കാം. ഒരു ബാച്ച്ലർ പാർട്ടി പോലെ ഡിന്നർ.

പിറ്റേന്ന് അന്റോണിൻ സ്കൂളിലേക്ക് പോയപ്പോൾ സഹപാഠി വീട്ടിലെത്തി. ഇന്നലെ അന്റോണിൻ സ്കൂളിൽ എത്തിയിട്ടില്ല. അന്റോണിന്റെ മാതാപിതാക്കൾ ആലോചിച്ചു . അന്വേഷിക്കണം .

അന്റോണിൻ സ്കൂളിലെത്തിയപ്പോൾ ക്ലാസ് ടീച്ചർ അവനെ കയ്യോടെപിടിച്ചു . ഹോം വർക്ക് ഉള്ളത് കാരണം നിനക്കിന്നലെ പണിയായിരുന്നു. അല്ലേ ? നോട്ട്ബുക്ക് കാണിക്കൂ . അവൻ പരുങ്ങി . എന്തെങ്കിലും പറയണം . അവൻ വിക്കി. എന്റെ അമ്മ ... എന്റെ അമ്മ ... അധ്യാപകൻ ചോദിച്ചു. നിന്റെ അമ്മയ്ക്ക് എന്തുപറ്റി ? അവൻ പെട്ടെന്ന് ദു:ഖത്തോടെ പറഞ്ഞു. എന്റെ അമ്മ മരിച്ചുപോയി... അധ്യാപകന് അവനോടു സഹതാപം തോന്നി. അവനെ ആശ്വസിപ്പിച്ചു .

ക്ലാസ് തുടങ്ങിയപ്പോൾ കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുന്നതിനിടെ വാതിലിനു പുറത്തു പ്രിൻസിപ്പൽ നിൽക്കുന്നത് കണ്ട് അധ്യാപകൻ പുറത്തേക്ക് നീങ്ങി. അവിടെ അന്റോണിൻറെ അമ്മയും പിതാവും ഉണ്ട്. അതുകണ്ട് അന്റോണിൻ പരുങ്ങി. പിതാവ് അവന്റെ മുഖത്തടിച്ചു.

മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും രക്ഷപ്പെടാൻ അന്റോണിൻ ആഗ്രഹിക്കുന്നു .

ഒരിക്കൽ ക്ലാസ്സിൽ വെച്ച് മുത്തച്ഛന്റെ മരണത്തെ കുറിച്ച് സ്വന്തമായി എഴുതേണ്ടി വന്നപ്പോൾ അന്റോണിൻ താൻ വായിച്ച ബൽസാക്കിന്റെ പുസ്തകത്തിലെ വരികൾ പ്രതീക്ഷയോടെ പകർത്തിവെച്ചതിന് അധ്യാപകൻ അവനെ പരിഹാസ്യമായി ശാസിക്കുന്നു.



# ഫിലിം വിഷൻ

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
filca FILM LOVERS CULTURAL ASSOCIATION

ഒളിച്ചോടാൻ പണം കണ്ടെത്തുന്നതിനായി അന്റോണിൻ പിതാവിന്റെ ഓഫീസിലെ ടൈപ്പ് റൈറ്റർ മോഷ്ടിക്കുന്നു. എന്നാൽ അത് വിൽക്കാൻ കഴിയാതെ വന്നപ്പോൾ തിരികെ വെച്ചു. പക്ഷേ മോഷ്ടാവായി പിടിക്കപ്പെട്ടു.

പിതാവിന്റെ പരാതി പ്രകാരം പോലീസ് അന്റോണിനെ തടവറയിലാക്കി. ആ രാത്രിയിൽ അവിടെ വെച്ച് വേശ്യകളെയും കള്ളന്മാരെയും അവൻ പരിചയപ്പെടുന്നു.

വിചാരണ നടക്കുമ്പോൾ അവന്റെ അമ്മ ജഡ്ജിയെ അറിയിച്ചു: ഇപ്പോഴുള്ള ഭർത്താവ് അവന്റെ യഥാർത്ഥ പിതാവല്ല. രണ്ടാനച്ഛനാണ്.

അമ്മയുടെ ആഗ്രഹപ്രകാരം അവനെ കടൽത്തീരത്തുള്ള ദുർഗുണപരിഹാര പാഠശാലയിൽ ചേർത്തു.



അവിടെ മനശാസ്ത്രജ്ഞന്റെ മുന്നിൽ കുട്ടികൾ തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

നിഷ്കളങ്ക ബാല്യത്തിന്റെ തേങ്ങലുകൾ...

ഫുട്ബോൾ കളി നടക്കുന്നതിനിടെ അതിർത്തിവേലിയുടെ വിടവിലൂടെ അന്റോണിൻ രക്ഷപ്പെടുന്നു.

അവൻ അവന്റെ സ്വാതന്ത്ര്യത്തിലേക്കെന്നപോലെ ഓടുകയാണ്.

കിനാവിൽ കണ്ട കടൽ നേരിൽ കാണാൻഅവൻ ഓടി. കടൽത്തീരത്തെത്തുന്ന അന്റോണിന്റെ മുഖത്തിന്റെ നിശ്ചല ദൃശ്യത്തിൽ സിനിമ അവസാനിക്കുന്നു .



## ലാൻഡ്സ്കേപ്പ് ഇൻ ദി മിസ്റ്റ് / ഗ്രീസ് / 1988 / 126 മിനിറ്റ് / സംവിധാനം : തിയോ ആഞ്ചലോ പൗലോസ്



ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച നൂറ് സിനിമകളിൽ ഒന്ന് എന്ന് പ്രകീർത്തിക്കപ്പെട്ട സിനിമ. മഞ്ഞിലെ പ്രകൃതിദൃശ്യം. ഫിലിം മാസ്റ്റർ എന്ന് വിശേഷിപ്പിക്കാവുന്ന ഗ്രീക്ക് സംവിധായകൻ തിയോ ആഞ്ചലോ പൗലോസ് സൃഷ്ടിച്ച നിശബ്ദതയുടെ ചലച്ചിത്ര ത്രയം എന്ന പരമ്പരയിലെ മൂന്നാമത്തെ സിനിമ. വോയേജ് ഓഫ് സൈത്തെറ (1984 ) , ദി ബീ കീപ്പർ ( 1986 ) എന്നിവയാണ് ഈ പരമ്പരയിലെ മറ്റു ചിത്രങ്ങൾ. കാവ്യബിംബങ്ങളെ ചേർത്തുവെച്ച സ്വപ്നഭാഷയിലൂടെ ചലച്ചിത്രകലയുടെ അനുഭവഗാഢതയിലേക്ക് കാണിയെ കൂട്ടികൊണ്ടുപോകുന്ന ശില്പചാരുത ആഞ്ചലോ പൗലോസിന്റെ സിനിമകൾക്കുണ്ട്. മികച്ച വിദേശ ഭാഷാ ചിത്രത്തിന് 62 മത് അക്കാദമി അവാർഡിന് ഈ സിനിമ നാമനിർദേശം ചെയ്യപ്പെട്ടിരുന്നു.

വ്യോള എന്ന കൗമാരക്കാരിയും സഹോദരൻ അഞ്ചു വയസ്സുള്ള അലക്സാറോസും തങ്ങളുടെ പിതാവിനെ തേടി യാത്രയാവുന്നു. മാതാവിൽ നിന്നറിഞ്ഞ പ്രകാരം അവരുടെ പിതാവ് ജർമ്മനിയിലാണ്. അവർ ഏതൻസ് റെയിൽവേ സ്റ്റേഷനിൽ ചെന്ന് ടിക്കറ്റില്ലാതെ യാത്ര ചെയ്യാൻ ആലോചിക്കുമ്പോൾ ട്രെയിൻ വിട്ടുപോകുന്നു. നിരാശയോടെ അവർ മടങ്ങി. പക്ഷെ വീണ്ടും അവർ പുറപ്പെടുന്നു. ഇത്തവണ ജർമ്മൻ എക്സ്പ്രസ്സ് എന്ന ട്രെയിനിൽ കയറിക്കൂടുന്നുവെങ്കിലും ടിക്കറ്റ് ഇല്ലാത്തതിനാൽ പുറത്താക്കപ്പെടുന്നു.

പോലീസ് കുട്ടികളെ അവരുടെ അമ്മാവന്റെ മുന്നിലെത്തിച്ചു. എന്നാൽ അമ്മാവൻ പറയുന്നത് ജർമ്മനിയിൽ അവരുടെ പിതാവ് ഇല്ലെന്നാണ്.

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033






കുട്ടികളുടെ മാതാവായ തന്റെ സഹോദരി പറയുന്നത് കളവാണെന്നാണ്. അയാൾക്ക് കുട്ടികളെ സംരക്ഷിക്കാനാവില്ല. എന്നിരുന്നാലും വ്യോളയും അലക്സാണ്ടറും അമ്മാവൻ പറയുന്നത് വിശ്വസിക്കുന്നില്ല. തങ്ങളുടെ പിതാവ് ജർമ്മനിയിലുണ്ടെന്ന് തന്നെ കരുതുന്നു. എങ്ങനെയും കണ്ടെത്തണം.

വ്യോളയും അലക്സാറോസും തുടങ്ങുന്ന യാത്ര ജീവിതത്തിന്റെ തന്നെ ഒരു രൂപകമാണ്. എല്ലാവരും കാലത്തിലൂടെ സഞ്ചരിക്കുന്നത് ഒരുപക്ഷെ ഇല്ലാത്ത എന്തെങ്കിലും ഒന്നിനെ തേടിയാണ്. എല്ലാം വളരെ വേഗത്തിൽ കടന്നുപോകുന്നു. സന്ദർശിക്കുന്ന നഗരങ്ങൾ, കണ്ടുമുട്ടുന്ന അപരിചിതർ, വേദനാജനകമായ അധ്യായങ്ങൾ, സന്തോഷകരമായ സംഭവങ്ങൾ എല്ലാം ഒരു മിന്നലിൽ തെളിഞ്ഞുമായുന്നു .

പോലീസിൽ നിന്നും രക്ഷപെട്ട് കാൽനടയായി യാത്ര തുടരുന്ന കുട്ടികൾ നാടോടി നാടകക്കാരൻ ഓറെസ്റ്റസിനെ കുമുട്ടുന്നു. അയാളുടെ ബസ്സ് തകരാറായി വഴിയിൽ കിടക്കുകയാണ്. ഗ്രീക്ക് ഇതിഹാസ കഥകൾ അവതരിപ്പിക്കുന്ന നാടക സംഘം. ഇപ്പോൾ കാണികൾ കുറവായതിനാൽ നാടക സംഘം പ്രവർത്തിക്കുന്നില്ല . കുട്ടികൾ അയാളോടൊപ്പം ചേരുന്നു.

ഓറെസ്റ്റസ് കുട്ടികളോടെന്ന പോലെ പറയുന്നു :

നിങ്ങൾ തമാശക്കാരായ കുട്ടികളാണ്, നിങ്ങൾക്കറിയാമോ? സമയം കടന്നുപോകുന്നത് നിങ്ങൾ കാര്യമാക്കുന്നില്ല. എന്നിട്ടും നിങ്ങൾ പോകാനുള്ള തിരക്കിലാണ്. പക്ഷേ നിങ്ങൾ എങ്ങോട്ടും പോകുന്നില്ല. എന്നിട്ടും നിങ്ങൾ എവിടേയ്ക്കോ പോകുന്നു ... ഞാനോ?

ഒന്നുമില്ലായ്മയിലേക്ക് തെന്നിമാറുന്ന ഒരു ഒച്ചാണ് ഞാൻ. ഞാൻ എവിടേക്കാണ് പോകുന്നതെന്ന് എനിക്കറിയില്ല. സമയം കടന്നു പോകുന്നതിനെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. എന്നിട്ടും ലോകത്തിൽ സമയമേറെയുണ്ടെന്ന് നമ്മൾ കരുതുന്നു. ഒരു തരത്തിൽ പറഞ്ഞാൽ, ഒഡീസിയിലെ പോലെ സഞ്ചരിക്കുന്ന വിവരമില്ലാത്തവരാണ് നാമെല്ലാവരും.

നമ്മൾ എവിടേക്കാണ് പോകുന്നതെന്ന് അറിയാമെന്ന് നമ്മൾ കരുതുന്നു. നാമെല്ലാവരും വ്യത്യസ്ത കാര്യങ്ങൾ തിരയുകയാണ്. ആത്യന്തികമായി നമ്മൾ ലക്ഷ്യത്തിലെത്താൻ അലയുന്നു. എല്ലാം കയ്യെത്തും ദൂരത്ത് ഉണ്ടെന്ന് ഊഹിക്കുന്നു. പക്ഷേ പൂർണ്ണമായും നേടാനാകുന്നില്ല. ആത്യന്തികമായി നമ്മൾ ലക്ഷ്യസ്ഥാനത്ത് എത്തുമോ? അതോ നാം എന്നേക്കും കൊതിക്കുന്നതെല്ലാം മൂടൽമഞ്ഞിൽ ഒരു പ്രകൃതിദൃശ്യം പോലെ അവശേഷിക്കുമോ ?

കുട്ടികൾ ഓറെസ്റ്റസിനെ വിട്ടുപിരിയുന്നു.

അവർക്ക് ജർമ്മനിയിലെത്തണം. അവർ മുന്നോട്ട് പോകുന്നതിനിടയിൽ ഒരു ട്രക്ക് ഡ്രൈവറെ കുമുട്ടുന്നു. അയാൾ അവരെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ കുട്ടികൾ അയാളോടൊപ്പം ട്രക്കിൽ യാത്ര തുടരുന്നു . അലക്സാറോസ് ട്രക്കിൽ ഉറങ്ങുന്നതിനിടെ ട്രക്ക് ഡ്രൈവർ വ്യോളയെ ബലാത്സംഗം ചെയ്തു. കുട്ടികൾ ട്രക്ക് ഉപേക്ഷിച്ച് യാത്ര തുടരുന്നു...

അവർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഒരു ട്രെയിനിൽ യാത്രയായി. പക്ഷെ ടിക്കറ്റ് എക്സാമിനർ വരുന്നതോടെ അവർ ട്രെയിൻ യാത്ര ഉപേക്ഷിച്ചു .

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

അവർ വീണ്ടും നാടോടി നാടകക്കാരനായ ഓറെസ്റ്റസിനെ കുമുട്ടി. ഇതിനകം നാടകസംഘം പൊളിഞ്ഞതിനാൽ അയാൾ ഇപ്പോൾ ഒരു ബൈക്കിലാണ് സഞ്ചരിക്കുന്നത്.
ഓറെസ്റ്റസ് കുട്ടികളെ ഒരു ബീച്ചിലേക്ക് കൂട്ടിക്കൊണ്ടുപോയി . അവിടെ ഭക്ഷണം കഴിക്കാം. അവിടെ അവർ ഒരു കാഴ്ച കണ്ടു . കടലിൽ നിന്ന് മാർബിളിൽ തീർത്ത ഭീമാകാരമായ ഒരു കൈ ഹെലി കോപ്റ്ററിൽ പൊക്കിയെടുക്കുന്നു. അതിന്റെ ചൂണ്ടുവിരൽ ഒടിഞ്ഞുനഷ്ടപ്പെട്ടിരിക്കുന്നു. അത് ആകാശത്തിലേക്കു ഉയർന്ന് നഗരത്തിനു മുകളിൽ മറഞ്ഞു.

സൈനീക സേവനത്തിനു തയ്യാറാവുന്ന ഓറെസ്റ്റസ് ബൈക്ക് വിൽക്കാൻ ശ്രമിക്കുന്നു. ബൈക്ക് വാങ്ങാൻ വരുന്ന ആളുമായി ഓറെസ്റ്റസിനു സ്വവർഗാനുരാഗ ബന്ധമുണ്ടെന്ന് മനസ്സിലാക്കുന്ന വ്യോള അയാളെ വിട്ടുപിരിയാൻ തീരുമാനിച്ചു. കുട്ടികൾ മറ്റൊരു റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു.

ഒരു സൈനികൻ അവരെ ടിക്കറ്റ് വാങ്ങാൻ പണം നൽകി സഹായിച്ചു. അങ്ങനെ വ്യോളയും അലക്സാറോയും ജർമ്മനയിലേക്കുള്ള ട്രെയിനിൽ കയറി പ്രതീക്ഷയോടെ യാത്രയാകുന്നു .അതിർത്തിയിൽ പാസ്പോർട്ട് പരിശോധന ഉള്ളതിനാൽ കുട്ടികൾ ട്രെയിനിൽ നിന്നിറങ്ങി.

അതിർത്തിയിൽ ഒരു നദിയുണ്ട്.
പട്ടാള കാവലുണ്ട്. ആ രാത്രി തീരത്തു കിടന്ന വഞ്ചിയിൽ വ്യോളയും അലക്സാറോസും നദി കടന്നു. അവിടവിടെ വെടിയൊച്ച മുഴങ്ങി. പുലർവെട്ടം
തെളിഞ്ഞുതുടങ്ങി. മഞ്ഞിൽ മൂടിനിൽക്കുന്ന പ്രകൃതി.

കുട്ടികൾക്ക് മുന്നിൽ ദൂരെയായി ഒരു വൃക്ഷം മെല്ലെ വ്യക്തമായി വന്നു. അവർ വൃക്ഷത്തിന് അടുത്തേക്കോടി. മഞ്ഞിൽ അവർ വൃക്ഷത്തെ പുണർന്നു ...



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



## ദി ബോയ് ഹു ഹാർനെസ്ഡ് ദി വിൻഡ് / യൂ . കെ — മലാവി / 2019 / 113 മിനിട്സ് / സംവിധാനം : ചിവിറ്റൽ ഇജോഫോർ

ബ്രിട്ടൻറെ കോളനിയായിരുന്ന തെക്ക് കിഴക്കൻ ആഫ്രിക്കൻ രാജ്യമാണ് മലാവി. അവിടെ പ്രധാനമായി കരിമ്പും ചോളവും ഉരുളക്കിഴങ്ങും പുകയിലയും കൃഷി ചെയ്യുന്നു. വരണ്ട ഭൂമിയിൽ പെട്ടെന്ന് പേമാരിയിൽ വെള്ളപ്പൊക്കവും ഉണ്ടാവുന്നു. ദരിദ്രരാജ്യമായ മലാവി നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് ഈ സിനിമ വിരൽചൂണ്ടുന്നു. വരൾച്ചയെ അതിജീവിക്കാൻ കാറ്റാടിയന്ത്രം നിർമ്മിച്ച് ഡൈനാമോ വഴി വൈദ്യുതി കടത്തിവിട്ട്



മോട്ടോർ പമ്പ് പ്രവർത്തിപ്പിച്ച് ആഴക്കിണറിൽ നിന്ന് വെള്ളം കൃഷിയിടത്തിലേക്ക് ഒഴുക്കുന്ന ഒരു വിദ്യാർതയുടെ സ്വന്തം പരിശ്രമത്തെ ഈ ചിത്രം കേന്ദ്രീകരിക്കുന്നു.

യഥാർത്ഥ സംഭവത്തെ ആസ്പദമാക്കിയുള്ള ഈ സിനിമയിൽ മലാവിയുടെ വരണ്ട പ്രകൃതിയും ഗ്രാമവും ഗ്രാമീണ ജീവിതവും കാലാവസ്ഥയും അനുഷ്ഠാനവും ഒക്കെ പ്രതിഫലിക്കുന്നു.

സ്കൂൾ വിദ്യാർത്ഥിയായ വില്യമിൻറെ പിതാവ് ട്രൈവലിൻറെ സഹോദരൻ ജോൺ കൃഷിയിടത്തിൽ വീണുമരിക്കുന്നു. ഒരു സംഘം നാടോടി അനുഷ്ഠാന വിലാപകർ കുരുത്തോലയും മുഖമൂടിയും തൂവൽക്കിരീടവും ധരിച്ച് പൊയ്ക്കാലിൽ, തെരുക്കൂത്ത് പോലെ ചെണ്ടകൊട്ടി നൃത്ത ചുവടുകളോടെ വയലിലൂടെ ഗ്രാമത്തിലെത്തുന്നു. മരണത്തിൽ വിലപിക്കുന്നു.



വില്യമിൻറെ പിതാവ് ട്രൈവൽ മണ്ണിനോട് മല്ലടിക്കുന്ന കർഷകനാണ്. മാതാവ് ആഗ്നസ് വീട്ടുകാര്യങ്ങൾ നോക്കുന്നു. മൂത്ത സഹോദരി ആനി പണമില്ലാത്തതിനാൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം കിട്ടാതെ നിൽക്കുന്നു.

ചരമപ്രസംഗത്തിൽ പുരോഹിതൻ പറഞ്ഞു: ദൈവം തീരുമാനിച്ചു കഴിഞ്ഞാൽ അവശേഷിക്കുന്നവയിലൂടെ മരിച്ച മനുഷ്യനെ നാം ഓർക്കുന്നു. ഫലത്തിലൂടെയാണ് ഒരു വൃക്ഷത്തെ നാം അറിയുക. മരിച്ച ജോണും സഹോദരൻ ട്രൈവലും ചേർന്നാണ് ഈ മണ്ണിനെ ഫലഭൂയിഷ്ഠമാക്കിയത്. 20 വർഷം മുൻപ് ഡോവ എന്ന സ്ഥലത്തുനിന്നു വന്ന കർഷകർ. അവർ തോളോട് തോൾ ചേർന്ന് ഈ മണ്ണിൽ പണിയെടുത്തു . ജോണിൽ നിന്ന് വേറെയും ഫലങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിൻറെ സന്തതികൾ. ഇനി ജോണിൻറെ ജോലികൾ മൂത്തപുത്രനായ ജെറമിയ ഏറ്റെടുക്കണം ...

ഭാഗം — വിതക്കൽ.

വില്യം ഒരു പഴയ ടേപ്പ്റെക്കോർഡർ നന്നാക്കിയെടുത്തു. മുൻപ് നന്നാക്കിയെടുത്ത പോക്കറ്റ് റേഡിയോയിലൂടെ പിതാവ് ട്രൈവൽ കാലാവസ്ഥയെ കുറിച്ചുള്ള അറിയിപ്പ് കേട്ടു ...

കനത്ത കാർമേഘങ്ങൾ തെക്ക് പടിഞ്ഞാറായി കുറുകെ നീങ്ങുന്നു...അയാൾ മേഘങ്ങളെ പ്രതീക്ഷയോടെ നിരീക്ഷിച്ചു. ധാന്യപ്പുരയിൽ ശേഖരിച്ച ചോളം കുറഞ്ഞു വരികയാണ്. മഴ നനയാതിരിക്കാൻ വില്യം മേൽക്കൂരയിലെ തകിടുകൾ നന്നാക്കുന്നതിനിടയിൽ അയൽക്കാരൻ ബാബുസി വന്നു. അയാൾ വില്യമിന് നന്നാക്കാൻ കൊടുത്ത റേഡിയോ ഇതുവരെ തിരിച്ചുകിട്ടിയിട്ടില്ല. അയാൾ റേഡിയോ ആവശ്യപ്പെട്ടു: റേഡിയോ എവിടെ? മാതാവ് ആഗ്നസ് മേൽക്കൂരയിലിരിക്കുന്ന വില്യമിനോട് വിളിച്ചു പറഞ്ഞു: നിനക്ക് നന്നാക്കാൻ പറ്റില്ലെങ്കിൽ അത് തിരിച്ചുകൊടുക്കൂ. വില്യം അപേക്ഷിച്ചു: കുറച്ചു ദിവസം കൂടി തരൂ . നന്നാക്കിത്തരാം.

# ഫിലിം വിഷൻ

വില്യം ആഴക്കിണറിൽ നിന്ന് വെള്ളം കോരി കുളിച്ചു. പുതിയ സ്കൂൾ യൂണിഫോം അണിഞ്ഞു. പാന്റ്സും ഷർട്ടും ടൈയും. അതുകണ്ടു മൂത്തസഹോദരി സന്തോഷിച്ചു. അവൾക്ക് ഇതുവരെ യൂണിവേഴ്സിറ്റിയിൽ ചേരാനായില്ല. ആഗ്നസ് പറഞ്ഞു: വില്യം ഒരു ഡോക്ടറോ എഞ്ചിനീയറോ ആവും.
ആ കുടുംബം പ്രാതൽ കഴിക്കാനിരുന്നു. ട്രൈവെൽ പ്രാർത്ഥിച്ചു: പ്രിയപ്പെട്ട അച്ഛാ, ഞങ്ങളുടെ ബുദ്ധിമുട്ടുകൾ മാറാനുള്ള പോരാട്ടത്തിൽ തുണയാവണേ. ഞങ്ങൾക്കെല്ലാം തരണം ചെയ്യാൻ കഴിയുമാറാകട്ടെ. ദൈവനാമത്തിൽ ആമേൻ.
മലാവിയിൽ വരൾച്ചയാണെങ്കിൽ മൊസാംബിക്കിൽ വെള്ളപ്പൊക്കമാണെന്നു ഗ്രാമച്ചന്തയിൽ വെച്ച് പലരും കേട്ടു.
സൈക്കിളിൽ പോകുന്ന അധ്യാപകൻ കച്ചിഗുണ്ടയ്ക്ക് ആനിയെ ഇഷ്ടമാണ്. അയാൾ കൈകൾ വീശിയപ്പോൾ ആനി അയാൾ പോകുന്നത് അഭിലാഷത്തോടെ നോക്കിനിന്നു.
സ്കൂളിൽ അസംബ്ലി നടക്കുമ്പോൾ ഹെഡ്മാസ്റ്റർ കുട്ടികളെ ഉപദേശിച്ചു: കഠിനമായി പരിശ്രമിക്കണം. എങ്കിലേ സ്കൂൾ പരീക്ഷ പാസ്സായി യൂണിവേഴ്സിറ്റിയിൽ ചേരാൻ പറ്റൂ . വില്യമിന് തന്റെ ഭാവിയെ കുറിച്ച് ശുഭാപ്തി വിശ്വാസമുണ്ട്.
മഴ പെയ്തു തുടങ്ങി. വയലിൽ മണ്ണ് നനഞ്ഞു. ട്രൈവൽ മണ്ണ് പ്രതീക്ഷയോടെ കിളച്ചു. പുതിയ വിത്തുകൾ നടണം. വിളവുണ്ടാകണം. എങ്കിലേ കുടുംബത്തിലെ പല കാര്യങ്ങളും നടക്കൂ. ആനിയെ യൂണിവേഴ്സിറ്റിയിൽ ചേർക്കണം. വില്യമിന് സ്കൂളിൽ ഫീസ് കൊടുക്കണം… സ്കൂളിൽ വെച്ച് വില്യം രഹസ്യമായി ശാസ്ത്ര അധ്യാപകൻ കച്ചിഗുണ്ടയ്ക്ക് ഒരു കത്ത് കൊടുത്തു. സഹോദരി ആനി കൊടുത്തയച്ചതാണ്. ആനിയ്ക്ക് യൂണിവേഴ്സിറ്റിയിൽ ഒരു ജോലി തരപ്പെടുത്തണം…കച്ചിഗുണ്ട എന്തോ ആലോചിച്ചു. അയാൾ ഓർമ്മിപ്പിച്ചു: നിൻറെ അച്ഛനോട് ഫീസ് അടയ്ക്കാൻ പറയണം. അല്ലെങ്കിൽ ഹെഡ്മാസ്റ്റർ നിന്നെ ക്ലാസിൽ ഇരുത്തുകയില്ല. വില്യം നിരാശയോടെ മടങ്ങി. ഫീസ് കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്.വരൾച്ച ബാധിച്ച ഗ്രാമത്തിൽ കൃഷിയില്ല. വിളവില്ല. മഴയത്ത് അവനെ കാത്തു നിൽക്കുന്ന അവന്റെ സഹചാരിയായ നായ കാംപയെ അവൻ കണ്ടു. വീട്ടിൽ ചെന്നപ്പോൾ ആഗ്നസ് അവനോടു പറഞ്ഞു: വയലിൽ പോയി അച്ഛനെ സഹായിക്കൂ . എന്നാൽ വില്യമിന് പഠിക്കാൻ സമയം കണ്ടെത്തണമായിരുന്നു. പക്ഷെ ആ മഴ പെട്ടെന്ന് നിലച്ചു. കാർമേഘങ്ങൾ പതീക്ഷയോടൊപ്പം അകന്നുപോയി.
വില്യം ആക്രിവസ്തുക്കൾക്കിടയിൽ പഴയ ഉപകരണങ്ങൾ തിരയുന്നതിനിടെ തൻറെ കൂട്ടുകാരൻ ഗിൽബെർട്ടുമായി ആലോചിച്ചു. രാത്രിയിൽ പഠിക്കാനായി വെളിച്ചം വേണം. വെളിച്ചത്തിന് വൈദ്യുതി വേണം…
ഗ്രാമസഭയിൽ ഒരു ചർച്ച നടക്കുന്നു. മലാവിയിൽ മഴ എത്താൻ വൈകും. മരങ്ങൾ നട്ടുപിടിപ്പിക്കാൻ പദ്ധതിയുണ്ട്. കൃഷി ഇല്ലാത്തതിനാൽ ഭൂമിയിലെ മരങ്ങൾ എസ്റ്റേറ്റ് ബിസിനസുകാർ മുറിക്കുകയാണ്. പുകയിലക്കൃഷിയാണ് അവരുടെ ലക്ഷ്യം. മരങ്ങൾ മുറിച്ചു വിൽക്കാൻ ചില കർഷകർ തയ്യാറാവുകയാണ്. എന്നാൽ ട്രൈവൽ അതിനു ഒരുക്കമല്ല. മരങ്ങൾ ഇല്ലെങ്കിൽ മഴ വീഴില്ല. മരം മുറിക്കാൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ട ബന്ധു ട്രൈവലിനെ ഓർമ്മിപ്പിച്ചു: കൃഷി ചെയ്തു കിട്ടുന്ന പണം കൊണ്ട് കുട്ടികളെ പഠിപ്പിക്കും. എന്നാൽ ബുദ്ധിയുള്ള കുട്ടികൾ പഠിച്ച് ഈ ഭൂമി വിട്ട് മറ്റൊരിടത്തേക്ക് എന്നേയ്ക്കുമായി പോകും …
വില്യമും കാംപ എന്ന നായയും ദൂരേയ്ക്ക് നോക്കിനിന്നു. കാലാവസ്ഥ മാറുകയാണ്…
കമ്പനിക്കാർ മരങ്ങൾ മുറിക്കുകയാണ്…
വില്യം ഒരു പഴയ റേഡിയോ നന്നാക്കിയെടുത്തപ്പോൾ കുട്ടികൾ സന്തോഷിച്ചു. കുട്ടികൾക്കിടയിൽ ഒരു ചെറിയ ശാസ്ത്രജ്ഞനാണ് വില്യം. പോകുംവഴി വില്യമും ഗിൽബെർട്ടും ഒരു കാഴ്ച്ച കണ്ടു.
ആനിയും കച്ചഗുയും രഹസ്യമായി പരസ്പരം സംസാരിക്കുന്നു. ചുംബിക്കുന്നു …
വില്യം ഗിൽബെർട്ടുമൊന്നിച്ച് ഒരു സൈക്കിൾ പരിശോധിച്ചു.
ഡൈനാമോ …
അത് കറങ്ങുമ്പോൾ വൈദ്യുതി…
അത് വയറിലൂടെ എത്തുമ്പോൾ ബൾബ് പ്രകാശിക്കുന്നു …
അങ്ങനെ വെളിച്ചമുണ്ടെങ്കിൽ രാത്രിയിൽ പഠിക്കാൻ പറ്റും …
ഭാഗം വളർത്തൽ.
വരൾച്ചയെ തുടർന്ന് വിളവ് കുറയും. കൃഷിനാശം ഉണ്ടാവും. ധാന്യശേഖരം കുറയുകയും ചെയ്യും. താമസിയാതെ ഗ്രാമം പട്ടിണിയിലെത്തും.
വിളവുണ്ടായില്ലെങ്കിൽ കർഷകർക്ക് ഗ്രാമത്തിൽ നിന്ന് പലായനം ചെയ്യേണ്ടിവരും .
വില്യം ആലോചിച്ചു . ആക്രി ഉപകരണങ്ങളിൽ നിന്ന് കണ്ടെത്തിയ പഴയ ബാറ്ററി ചാർജ് ചെയ്യണം …
അതിനു വൈദ്യുതി വേണം …
അവൻ സ്കൂളിൽ ഒളിച്ചുചെന്നു .
അധ്യാപകനായ കച്ചിഗുണ്ടയെ കണ്ടു .

# ഫിലിം വിഷൻ

ഡൈനാമോയെ കുറിച്ച് അന്വേഷിച്ചു. പുതിയത് വാങ്ങാൻ പണമില്ല. സ്വന്തമായി ഉണ്ടാക്കണം. കച്ചിഗുണ്ട അവനെ സഹായിച്ചു. ലൈബ്രറിയിൽ ചെന്ന് പഠിക്കാൻ ഏർപ്പാട് ചെയ്തു. ഡൈനാമോയുടെ പ്രവർത്തനം അവൻ മനസ്സിലാക്കുന്നു. ആക്രി ഉപകരണങ്ങൾ കണ്ടെത്തുന്നു...

തെരഞ്ഞെടുപ്പ് അടുത്തതിനെ തുടർന്ന് പ്രസിഡന്റ് ആഘോഷത്തോടെ ഗ്രാമത്തിലെത്തി. തെരഞ്ഞെടുപ്പിൽ വിജയിക്കുക എന്നതാണ് അയാളുടെ ലക്ഷ്യം. എന്നാൽ ഗ്രാമമുഖ്യൻ തന്റെ പ്രസംഗത്തിൽ ധാന്യശേഖരണത്തിന്റെ കാര്യമാണ് പറയുന്നത്. അത് പ്രസിഡന്റിന് ഇഷ്ടപ്പെടുന്നില്ല.

ഭാഗം വിളവെടുപ്പ് ഭക്ഷ്യ പ്രതിസന്ധിയിൽ സർക്കാരിന് പരിഹാരമൊന്നുമില്ല. ഇതിനെതിരെ പ്രതിപക്ഷം പ്രതിഷേധിക്കുന്നു. പ്രതിപക്ഷത്തെ പിന്തുണയ്ക്കാൻ ട്രെവൽ തീരുമാനിക്കുന്നു. ഫീസ് അടയ്ക്കാൻ കഴിയാത്തതിനാൽ വില്യമിനെ സ്കൂളിൽ നിന്ന്പുറത്താക്കി. അവന്റെ മുന്നിൽ വരകൃഷിയിടമാണ്. അവന്റെമനസ്സിൽ ആശയം വിരിഞ്ഞു. അവൻ ആഗ്നസിനോട് പറഞ്ഞു: ഒരു ഡൈനാമോ ഉണ്ടാക്കിയാൽ അതു കറന്റാക്കി മോട്ടോർ പമ്പ് പ്രവർത്തിപ്പിക്കാം. വെള്ളം കിട്ടും. അച്ഛനോട് പറയണം.ഒരു ചെറിയ പഴയ പങ്ക കാറ്റിൽ മെല്ലെ കറങ്ങാൻ തുടങ്ങി. വൈദ്യുതി ചാർജിലൂടെ ടേപ്പ് റെക്കോർഡർ പ്രവർത്തിക്കാൻ തുടങ്ങി...കുട്ടികൾ കയ്യടിച്ച് ആഹ്ലാദിച്ചു. വില്യമിന് ആത്മവിശ്വാസം വർധിച്ചു.



വില്യം വലിയ പങ്ക ഉണ്ടാക്കി, കാറ്റ് കൊണ്ട് കറക്കി, അതിൽ ഘടിപ്പിച്ച ഡൈനാമോയിൽ നിന്ന് വൈദ്യുതി ഉണ്ടാക്കി പമ്പ് പ്രവർത്തിപ്പിച്ചാൽ കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കാം...

അതിനുസൈക്കിളിന്റെ ഭാഗങ്ങൾ വേണം ...

അതുകേട്ട് ട്രെവൽ ആക്രോശിച്ചു.

അവനെ ആട്ടിപ്പായിച്ചു ...

പക്ഷെ അവൻ ഓർമ്മിപ്പിച്ചു ...

മണ്ണ്വരുകിടക്കുന്നു. കിളച്ചതുകൊണ്ട് ഫലമില്ല. മഴ പെയ്യില്ല. വെള്ളമില്ലെങ്കിൽ കൃഷി ഉണ്ടാവില്ല...

വില്യം ആക്രിവസ്തുക്കൾ കൊണ്ട് പങ്കയും ഡൈനാമോയും പമ്പും തയ്യാറാക്കാൻ ശ്രമം തുടങ്ങി. കൊടിയ വരൾച്ചയിൽ സസ്യങ്ങളും മറ്റ് ജീവജാലങ്ങളും ഇല്ലാതാവും. വില്യമിന്റെ സഹചാരിയായ നായ കാംപോ ചത്തു. വര മണ്ണിൽ അതിനെ കുഴിച്ചിടുമ്പോൾ വില്യം ട്രെവലിനോട് വീണ്ടും കെഞ്ചി:

സൈക്കിളിന്റെ ഭാഗങ്ങൾ തന്നാൽവെള്ളം കിട്ടും...

ഒടുവിൽ ട്രെവൽ സമ്മതിച്ചു. ഗ്രാമവാസികൾ കൂടി വില്യമിനോടൊപ്പം ചേർന്നു. വലിയ കാറ്റാടിയിൽ പങ്ക ഉണ്ടാക്കി. ഡൈനാമോ പിടിപ്പിച്ചു. വയർ കൊണ്ട് മോട്ടോറിലേക്ക്...എല്ലാവര്ക്കും ആകാംക്ഷ ...കാറ്റാടി കറങ്ങി തുടങ്ങി ...ബാറ്ററി ചാർജായാൽ വൈദ്യുതി പ്രവഹിക്കും ....നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മോട്ടോർ പ്രവർത്തിച്ചു. പമ്പിൽ നിന്ന് വെള്ളം ഒഴുകാൻ തുടങ്ങി.

കൃഷിയിടത്തിലേക്ക് വെള്ളം ഒഴുകുന്നു...

എല്ലാവർക്കും സന്തോഷമായി...

വില്യമിനെ പിതാവ് ട്രെവൽ കെട്ടിപ്പിടിച്ചു.

ചിത്രത്തിന്റെ സമാപ്തിയിൽ ശീർഷകങ്ങൾ...

വില്യമിന് മലാവിയിൽ തുടർന്നു പഠിക്കാൻ സ്കോളർഷിപ്പ് കിട്ടി ...

സൗത്ത് ആഫ്രിക്കൻ ലീഡർഷിപ്പ് അക്കാദമിയിൽ പങ്കെടുത്തു ...

അമേരിക്കയിലെ ഡാർമൗത്ത് കോളേജിൽ നിന്ന് പരിസ്ഥിതി വിഷയത്തിൽ ബിരുദമെടുത്തു ...

വൈദ്യുതിയുടെലഭ്യതയും വെള്ളവും നല്ല വിളവും ഉറപ്പ് കൊടുത്തു ...

വർഷങ്ങൾക്ക് ശേഷമുള്ള വില്യം പ്രസ്താവിക്കുന്നു: സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട ഞാൻ ലൈബ്രറിയിൽ പോയി പുസ്തകങ്ങൾ വായിച്ചു. ഊർജ്ജത്തിന്റെ ഉപയോഗം എന്ന പുസ്തകത്തിൽ നിന്ന് കാറ്റാടിയന്ത്രത്തെ കുറിച്ച് മനസിലാക്കി. ഞാൻ പരിശ്രമിച്ചു. അത്നിർമ്മിച്ചു... സർവ്വവും സ്പർശിക്കുന്ന കാറ്റ് പോലെയാണ് ദൈവം .!





# ഫിലിം വിഷൻ

filca
FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033



## അലാമർ / മെക്സിക്കോ / 2009 / 73 മിനിട്സ് /
## സംവിധാനം : പെഡ്രോ ഗോൺസാലസ് റുബിയോ

മെക്സിക്കൻ തീരക്കടലിലെ ചെറിയ കരീബിയൻ ദ്വീപാണ് ബാങ്കോ ചിൻചോറോ. ഭംഗിയാർന്ന പവിഴപ്പുറ്റുകളും മൽസ്യ ആവാസ വ്യവസ്ഥയുമുള്ള ആഴംകുറഞ്ഞ ഈ സമുദ്രഭാഗം 1996 ൽ പ്രകൃതിദത്ത ജൈവ മണ്ഡല സംരക്ഷിത മേഖലയായി യുനെസ്കോ പ്രഖ്യാപിച്ച ലോക പൈതൃക സ്ഥലം കൂടിയാണ്. ചിൻചിറോയിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ പുറം ലോക ജീവിതശൈലിയിൽ നിന്നും അകന്നു നിൽക്കുന്നു. ജോർജ്ജും വൃദ്ധനായ മാട്രാക്കയും കടലിൽ മുങ്ങി പവിഴപ്പുറ്റുകൾക്കിടയിലെ മത്സ്യങ്ങളെയും റാൾ, ഞണ്ട്, ചിപ്പി ഇനങ്ങളെയും കുന്തം ഉപയോഗിച്ച് പിടിച്ച്,
സമുദ്രപരിസ്ഥിതിയോട് പൊരുത്തപ്പെട്ട്, ശാന്തമായി ജീവിക്കുന്നവരാണ്. മാട്രാക്കയെ ജോർജ്ജ് അച്ഛൻ എന്നാണ് വിളിക്കുന്നത്. തീരക്കടലിൽ സ്ഥാപിച്ച മരക്കുറ്റികളിൽ പണിത പലകവീട്ടിൽ അവർ കഴിയുന്നു.






എഴുത്തുകാരനും എഡിറ്ററും സംവിധായകനുമായ പെഡ്രോ ഗോൺസാലസ് റുബിയോ പറയുന്നു:
ചിൻചിറോയിലെ ആവാസവ്യവസ്ഥയും മനുഷ്യനും തമ്മിലുള്ള നൈർമല്യമാർന്ന ബന്ധം ആവിഷ്കരിക്കുന്ന അലമാർ (കടലിലേക്ക് ) എന്ന ഈ സിനിമ ഈ പ്രദേശത്തോടുള്ള എന്റെ സ്നേഹവും ആദരവും വ്യക്തമാക്കുന്നതാണ്.

ഒരിക്കൽ ഇറ്റലിയിലെ റോം നിവാസിയായ റോബർട്ട എന്ന യുവതി ചിൻചിറോ സന്ദർശിച്ചു. ജോർജ്ജുമായി മൂന്നര വർഷം കഴിഞ്ഞു. അവർക്ക് ഒരു ആൺകുഞ്ഞുണ്ടായി. നഥാൻ. പിൽക്കാലത്തു റോബർട്ട കുഞ്ഞുമൊന്നിച്ച് നാട്ടിലേക്ക് മടങ്ങി. റോബെർട്ടോയെ സംബന്ധിച്ചിടത്തോളം വളരെ സവിശേഷമായ ഒരു സ്ഥലത്ത്, സവിശേഷമായ ഒരു ബന്ധത്തിൽ, സവിശേഷമായ ഒരു കുഞ്ഞ്. അതാണ് നഥാൻ. ജോർജ്ജുമായുള്ള ദാമ്പത്യം സാധ്യവുമല്ല. കാരണം വ്യത്യസ്ത ലോകങ്ങളിൽ ജീവിക്കുന്ന ഒരു സ്ത്രീയ്ക്കും പുരുഷനും ദീർഘകാലം ഒന്നിച്ചു ജീവിക്കാൻ കഴിയില്ല. അതിനാൽ വേറിട്ട് ജീവിക്കുന്നതാണ് ഇരുവർക്കും സന്തോഷകരം.
റോബെർട്ടോയും ജോർജ്ജും തമ്മിൽ അടുത്ത ബന്ധമൊന്നും ഇല്ലെങ്കിലും മകൻ നഥാന് തങ്ങൾ മാതാപിതാക്കളോടുള്ള വൈകാരികത അവർ അംഗീകരിക്കുന്നു. നഥാന് അമ്മയുടെ സ്ഥലമായ റോമും പിതാവിന്റെ സ്ഥലമായ ചിൻചിറോയും ഒരേ പോലെ.
അഞ്ചു വയസ്സായ നഥാന് സ്കൂൾ അവധിയായി. അവനെ ചിൻ ചിറോ കാണാൻ ജോര്ജിനോടൊപ്പം പോകാൻ റോബർട്ട സന്തോഷപൂർവ്വം അനുവദിക്കുന്നു. ജോർജ്ജ് മകൻ നഥാനെ കൂട്ടിക്കൊു പോകുന്നു. അവർ ബസ് യാത്ര ചെയ്ത് കടൽത്തീരത്തെത്തി. അവിടെനിന്നും ബോട്ടിൽ യാത്രയായി. അവർ ബസ്യാത്ര ചെയ്ത് കടൽത്തീരത്തെത്തി. അവിടെനിന്നും ബോട്ടിൽ യാത്രയായി.

# ഫിലിം വിഷൻ

ജോർജ്ജിന് തന്റെ മകൻ നഥാനോട് നിറയെ വാത്സല്യമാണ്. കടൽച്ചൊരുക്ക് പിടിപെടാതിരിക്കാൻ അയാൾ മകനെ പരിപാലിക്കുന്നു. ചിൻചിറോ ദ്വീപിനു സമീപം എത്തുമ്പോൾ ചെറിയ വഞ്ചിയിൽ അവർ കരയിലേക്ക് അടുക്കുന്നു. മാട്രാക്ക കുട്ടിയെ സ്വീകരിച്ചു. മാട്രാക്ക മുത്തച്ഛൻ ആണെന്ന് ജോർജ്ജ് മകനെ പരിചയപ്പെടുത്തുന്നു.
മത്സ്യത്തൊഴിലാളികളായ തങ്ങളുടെ ജീവിതം നഥാനുമായി പങ്കിടാൻ അവർ ആഗ്രഹിച്ചു. കടലിൽ മുങ്ങി പവിഴപ്പുറ്റുകളെയും അപൂർവ്വമായ ജീവികളെയും സസ്യങ്ങളെയും കാണിച്ചു കൊടുക്കാനും അങ്ങനെ അവധിക്കാലം നല്ലൊരു ഓർമ്മയാക്കാനും അവർ ഉത്സാഹിക്കുന്നു. വെള്ളത്തിനു മീതെയുള്ള പലകവീട്ടിൽ ഊഞ്ഞാലിൽ ഉറങ്ങാനും കടുപ്പമേറിയ കാപ്പി കുടിക്കാനും അന്നന്നു പിടിക്കുന്ന മൽസ്യം കഴിക്കാനും നഥാൻ ശീലിക്കുന്നു.

അവരുടെ അടുത്തേക്ക് വന്നുചേർന്ന ഒരു വെളുത്ത കൊറ്റി നഥാനോടൊപ്പം പരിചിതരെ പോലെ ഇടപെടുകയും ഒന്നിച്ചു കളിക്കുകയും ചെയ്യുന്നു. ഒരുനാൾ അത് അപ്രത്യക്ഷമായപ്പോൾ നഥാൻ ദുഖിച്ചു. ജോർജ്ജ് അവനെ ആശ്വസിപ്പിച്ചു.

എക്കാലവും സ്വന്തമെന്നും അനശ്വരമെന്നും പറയാൻ ഭൂമിയിൽ ഒന്നുമില്ല. ജീവിതത്തിന്റെ അന്തസത്ത ഓരോ പ്രവൃത്തിയിലും സത്യസന്ധമായിരിക്കുക എന്നതാണ്. ഇങ്ങനെ പ്രകൃതിയുമായി ഇണങ്ങിയ ജീവിതത്തിൽ ഉയരുന്ന ദർശനങ്ങളും ജോർജ്ജ് മകൻ നഥാന് പകരുന്നുണ്ട്.

പ്രകൃതി നൽകുന്ന ആനന്ദത്തിൽ ജീവിക്കുക എന്നതാണ് എപ്പോഴും മെച്ചം. ജോർജ്ജ് മകൻ നഥാന് കൈമാറുന്ന ഉപദേശം ഈ ലോകത്തിന് ഒരു സന്ദേശം കൂടിയാണ്.

നഗരജീവിതത്തിന്റെ സമ്മർദ്ദങ്ങളിൽ നിന്നും മുക്തമായി പ്രകൃതി ദത്ത ലോകത്തിലെ ലളിത ജീവിതത്തിന്റെ സന്തോഷം അനുഭവിക്കാനും അവർ അവസരമൊരുക്കുന്നു.
ഒടുവിൽ നാം കാണുന്നത് നഥാൻ അവന്റെ അമ്മ റോബെർട്ടയോടൊപ്പം നഗരത്തിൽ നിൽക്കുന്നതാണ്.

ശുഭോദർക്കമായതും അർഥവത്തായതും ആയ പിതൃ പുത്ര ബന്ധത്തിന്റെ ഊഷ്മളത കൂടി ഈ ഡോക്യൂ ഫിക്ഷൻ സിനിമ കാഴ്ചവെയ്ക്കുന്നു .





വോള്യം 5 ലക്കം116 ജൂൺ - ജൂലൈ 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



## ഗുഡ് ബൈ ചിൽഡ്രൻ / ഫ്രാൻസ്–ജർമ്മനി – ഇറ്റലി / 1987 / 104 മിനിട്സ് / സംവിധാനം : ലൂയിസ് മാലെ

ആൺകുട്ടികളുടെ ഒരു ബോർഡിങ് സ്കൂൾ ജീവിത കാഴ്ചകളാണ് ഈ ചിത്രത്തിൽ. കുട്ടികളുടെ ജീവിതത്തിൽ വന്നുചേരുന്ന സംഭവങ്ങൾ പുറം ലോകത്ത് നടക്കുന്ന യുദ്ധത്തെയും വംശഹത്യയെയും പ്രതിഫലിപ്പിക്കുന്നു.

1943 – 44ലെ ശൈത്യകാലം. പാരീസിലെ റെയിൽവേ സ്റ്റേഷനിൽ അമ്മ ക്വന്ദൻ മകൻ ജൂലിയനെ ബോർഡിങ് സ്കൂളിലേക്ക് യാത്രയാക്കുന്ന രംഗത്തോടെ സിനിമ ആരംഭിക്കുന്നു.

അമ്മയെ വേർപിരിഞ്ഞു നില്ക്കാൻ ജൂലിയനു വിഷമമുണ്ട്. അമ്മയ്ക്കും അങ്ങനെതന്നെ. പക്ഷെ മകന് അമ്മയോടൊപ്പം പാരീസിൽ താമസിക്കാനാവില്ല. പ്രത്യേക സാഹചര്യങ്ങളാൽ അവൻ ബോർഡിങ് സ്കൂൾ ജീവിതത്തിനു നിർബന്ധിതനാവുകയാണ്.

അമ്മ പറഞ്ഞു: കരച്ചിൽ നല്ല ശീലമല്ല. സമയം വേഗം കടന്നു പോകും. ഞാനും പപ്പയും നിനക്കെഴുതാം.

ജൂലിയൻ നിഷേധിച്ചു: പപ്പയുടെ കാര്യം എനിക്ക് കേൾക്കേണ്ട. അതുവഴി കടന്നുപോയ മറ്റൊരു വിദ്യാർത്ഥി അവനെ ആശംസിച്ചു. അമ്മ അവനെ ആശ്വസിപ്പിച്ചു:

നിനക്ക് ആ കൂട്ടുകാരൻറെ കൂടെ പോകേണ്ടേ?

ജൂലിയൻ ചിണുങ്ങി : എനിക്കാ മണ്ടനെ സഹിക്കാനേ കഴിയില്ല. അമ്മ അവനെ വീണ്ടും ചുംബിച്ചു. അപ്പോൾ ഫ്രാൻസ്വാ പുകവലിച്ചുകൊണ്ടു കടന്നുവന്നിട്ട് അസഹിഷ്ണുതയോടെ ചോദിച്ചു: ഉമ്മ കൊടുത്തുകഴിഞ്ഞില്ലേ?

അമ്മ പറഞ്ഞു: പുകവലിക്കരുത്.

ഫ്രാൻസ്വ മറുപടി നൽകി: ഇത് ചോളത്തിന്റെ പൂവാണ്.

അമ്മ അവനെ വണ്ടീം ചുംബിച്ചു ട്രെയിനിൽ കയറ്റി.

എന്നിട്ട് ജൂലിയനെ ഓർമ്മിപ്പിച്ചു: നിന്നെ എന്റെ കൂടെ നിർത്താനാവില്ല എന്ന് അറിയാമല്ലോ?

ജൂലിയൻ ജനൽച്ചില്ലിലൂടെ സങ്കടത്തോടെ അമ്മയെ നോക്കി. ട്രെയിനിന്റെ ചൂളം മുഴങ്ങി.

ട്രെയിൻ മെല്ലെ നീങ്ങിത്തുടങ്ങി.

കാഴ്ചകൾ പിന്നോട്ട് മറഞ്ഞു...

വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നും വന്നെത്തുന്ന വ്യത്യസ്ത സ്വഭാവക്കാരായ കുട്ടികൾ. നാസി അധിനിവേശ ഫ്രാൻസിൽ കർമ്മലീത്ത വൈദീകർ നടത്തുന്ന, കുരിശിൻറെ വിശുദ്ധ യോഹന്നാൻറെ പേരിലുള്ള ബോർഡിങ് സ്കൂളിൽ പുതിയ അധ്യയന വർഷം ആരംഭിക്കുകയാണ്.

കുട്ടികൾ നിരനിരയായി വരുമ്പോൾ അവിടെ ഫാദർ പെരെ ജീൻ നിൽപ്പുണ്ട്. ജൂലിയനെ കണ്ടപാടെ ഫാദർ ചോദിച്ചു: അവധിക്കാലം നന്നായിരുന്നില്ലേ?

അവൻ ഉദാസീനതയോടെ പറഞ്ഞു: ഉവ്വ്, ഫാദർ.

പക്ഷെ അമ്മയെ വേർപിരിഞ്ഞതിൽ അവൻ ദുഖിതനാണ്. ഉള്ളിലൊതുക്കിയ അമർഷം സഹപാഠികൾക്കു നേരെ പ്രയോഗിക്കുന്നു .

ബോർഡിങ്ങിന്റെ പരിമിതിക്കുള്ളിലെ ജീവിതം ചിട്ടയോടു കൂടിയതാണ്.





# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ചില കുട്ടികൾ മറ്റു കുട്ടികൾ വീട്ടിൽ നിന്നുകൊവുവന്ന ജാം പോലുള്ള വസ്തുക്കൾ മോഷ്ടിക്കുക പതിവാണ്. അതിനെ തുടർന്ന് അടിപിടി ഉണ്ടാകും. വിശുദ്ധവാരം ആരംഭിക്കുകയാണ്. ദിവസവും കുർബ്ബാനയുണ്ട്. തണുപ്പിൽ നോമ്പ് നോക്കുക എന്നത് പല കുട്ടികൾക്കും വിഷമമാണ്. പലവിധ കളികളും വ്യായാമവും അവിടെയുണ്ട്.

പൊയ്കാലിലുള്ള കളി പലപ്പോഴും വംശ ദേശ നാമത്തിൽ പോരാട്ടത്തിലെത്തും. ഫാദർ എല്ലാവരെയും അനുനയിപ്പിക്കും. ഒന്നിച്ചുള്ള ഭക്ഷണ സമയത്തും വിവിധ സ്വഭാവങ്ങളും കുസൃതികളും കാണാം.

അടുക്കളക്കാരൻ ജോസഫ് കുട്ടികളോട് നിരന്തരം ഇടപഴുകുന്ന യുവാവാണ്. പല സാധനങ്ങളും കൈമാറുന്ന ചില്ലറ കച്ചവടവും ഉണ്ട്. അവന്റെ കയ്യിൽ അവൻ പ്രേമിക്കുന്ന പെണ്ണിന്റെ ഫോട്ടോ ഉണ്ട്. അത് കാണുന്ന ജൂലിയൻ പറഞ്ഞു : ഒരു വേശ്യയെ പോലുണ്ട്.

ചിലർ ഉറക്കത്തിൽ ദുസ്വപ്നങ്ങൾ കാണും. മൂത്രമൊഴിക്കും. സുന്ദരിയായ പിയാനോടീച്ചറെ കുട്ടികൾക്കും അടുക്കളക്കാരൻ ജോസഫിനും ഇഷ്ടമാണ്. ജോസഫ് കുട്ടികളുമായി സ്റ്റാമ്പ് കച്ചവടത്തിനൊപ്പം അറേബ്യൻ രാത്രികൾ എന്ന ലൈംഗിക പുസ്തകവും കൈമാറുന്നുണ്ട്.



ഫാദർ പെരെ ജീൻ പുതുതായി മൂന്നു കുട്ടികളെ കൂടി ചേർത്തിട്ടുണ്ട്. അവരിൽ ഒരാളായ ബോണറ്റിനും ജൂലിയനും ഒരേ പ്രായം. ബോണറ്റ് സാമൂഹികമായി പിന്നോക്കാവസ്ഥയിൽ നിന്ന് വന്നവനായത് കൊണ്ട് ജൂലിയന് പുച്ഛമുണ്ട്. എന്നാൽ ബോണറ്റ് ഗണിതത്തിൽ മിടുക്കനാണ്. പിയാനോ വായനയിൽ കഴിവുള്ളവനും.

ബോണറ്റ് പിയാനോ വായിക്കുന്നത് പിയാനോ ടീച്ചർ ഇഷ്ടപ്പെടുന്നതിൽ ജൂലിയനു പരിഭവമുണ്ട്.

ചാപ്പലിൽ പലപ്പോഴും കുമ്പസാരമുണ്ട്. പാപവിചാരങ്ങൾ കുട്ടികൾ ഏറ്റുപറയണം. ജൂലിയൻ ചെയ്യാത്ത പാപങ്ങളാണ് അച്ചനോട് പറയുന്നത്.

ഒരു രാത്രി ജൂലിയൻ ഉണർന്നപ്പോൾ ബോണറ്റ് പ്രാർത്ഥിക്കുന്നത് കണ്ടു. ഹീബ്രു ഭാഷയിൽ. യഹൂദ ആചാരപ്രകാരമുള്ള വേഷം ധരിച്ച് .

ജൂലിയനു സംശയമായി. ഒരു ദിവസം അവൻ ബോണറ്റിന്റെ ലോക്കർ രഹസ്യമായി പരിശോധിച്ചു. ബോണറ്റിന്റെ യഥാർത്ഥ പേര് കിപ്പൽസ്റ്റീൻ. യഹൂദൻ.

ഫാദർ പെരെ ജീൻ അനുകമ്പയുള്ളവനാണ്. വേട്ടയാടപ്പെടുന്ന യഹൂദർക്ക് അദ്ദേഹം രഹസ്യമായി അഭയം കൊടുക്കുന്നുണ്ട്.

താമസിയാതെ ജൂലിയനും ബോണറ്റും അടുത്ത സുഹൃത്തുക്കളാവുന്നു.

ഇതിനിടെ ജർമ്മൻ നാസി പോലീസ് ബോർഡിങ് സ്കൂളിൽ പരിശോധന നടത്താനെത്തുന്നു. ഫാദർ ഷോൺ അവരെ അനുവദിക്കുന്നില്ല. ഉത്തരവുണ്ടെന്നാണ് ഗസ്റ്റപ്പോ പറയുന്നത്.

അവർ ഷോൺ കിപ്പൽ എന്ന കിപ്പൽസ്റ്റൈനിനെ തിരയുകയാണ്.

ജൂലിയനും ബോണറ്റും ബോർഡിങ്ങിനു പരിസരത്തുള്ള കാട്ടിലൂടെ നടക്കുമ്പോൾ വഴിയിൽ വെച്ച് ജർമ്മൻ സൈനികർ പിടികൂടി ബോർഡിങ്ങിൽ തിരികെ ഏൽപ്പിച്ചു.

ഗസ്റ്റപ്പോ ബോർഡിങ്ങിനെ ചുറ്റിപ്പറ്റിയുണ്ട്.



# ഫിലിം വിഷൻ



കുട്ടികൾക്ക് സ്ഥൈര്യലേപനത്തിനുള്ള ഒരുക്കമായി. ജോസഫിന് യഹൂദരെ ഇഷ്ടമല്ല. കാരണം യേശുവിനെ കുരിശിലേറ്റിയത് യഹൂദരാണ്. അപ്പോൾ ജൂലിയൻ പ്രതിരോധിച്ചു : കുരിശിലേറ്റിയത് റോമാക്കാരാണ്.

കുർബ്ബാന നടക്കുമ്പോൾ അച്ചൻ പ്രസംഗിച്ചത് എല്ലാവരും ശ്രദ്ധിക്കുന്നുണ്ട്: നിങ്ങളെല്ലാം സമ്പന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ലൗകികധനം ആത്മാക്കളെ ദുഷിപ്പിക്കും. മനുഷ്യരെ ധിക്കാരികളും നീതിബോധമില്ലാത്തവരും ആക്കും. ധനവാൻ അഹന്തയോടെ വിരുന്നുണ്ണുമ്പോൾ ഒന്നുമില്ലാത്തവന് അമർഷം ഉണ്ടാകും. ദീനാനുകമ്പ ക്രൈസ്തവൻറെ പ്രഥമമായ കർത്തവ്യമാണ്.

മാതാപിതാക്കളുടെ ദിനത്തിൽ ജൂലിയനെ കാണാൻ അമ്മ ക്വന്ദൻ എത്തുന്നു. റെസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിക്കാൻ തീരുമാനിക്കുന്നു. ജൂലിയൻറെ ആഗ്രഹപ്രകാരം ബോണറ്റിനെയും ക്ഷണിക്കുന്നു.

റെസ്റ്റോറന്റിൽ പലതരം ആൾക്കാരോടൊപ്പം റഷ്യൻ അതിർത്തിയിലുള്ള സൈനീകരുമുണ്ട്. അവിടേയ്ക്ക് ജർമ്മൻ ഗസ്റ്റപ്പോ കടന്നുവന്ന് പരിശോധന നടത്തുന്നു. ഒരു യഹൂദൻറെ രേഖകൾ പരിശോധിച്ച് ഭീഷണിപ്പെടുത്തുമ്പോൾ റഷ്യൻ ഭാഗത്തുനിന്നുള്ള സൈനികർ ഇടപെടുന്നു ഗസ്റ്റപ്പോയെ പുറത്താക്കുന്നു.

അമ്മയെ പിരിഞ്ഞ് തിരികെ ബോർഡിങ്ങിൽ എത്തുന്ന ജൂലിയന് സങ്കടം മാറുന്നില്ല.

അവിടെ ചാർളി ചാപ്ലിന്റെ ഷാർലെറ്റ് ഇമിഗ്രന്റ്സ് എന്ന സിനിമ പ്രദർശിപ്പിക്കുന്നു. കുട്ടികൾ സിനിമ പൊട്ടിച്ചിരിയോടെ ആസ്വദിക്കുന്നു.

ഇതിനിടെ ജോസഫ് മോഷണക്കുറ്റത്തിൽ പിടിക്കപ്പെടുന്നു. അവൻ ബോർഡിങ്ങിൽ നിന്നും പലതും മോഷ്ടിച്ച് കരിഞ്ചന്തയിൽ വിറ്റു.



വൈദീകർ മോഷണത്തിൽ ഉൾപ്പെട്ട ഏഴ് കുട്ടികളെ ശാസിക്കുകയും ജോസഫിനോട് പൊറുക്കുകയും ചെയ്യുന്നു.

ഗസ്റ്റപ്പോ ക്ലാസ്സിലെത്തി. മുള്ളർ എന്ന ഓഫീസർ അന്വേഷിച്ചു: ആരാണ് ഷോൺ കീപ്പൽസ്റ്റൈൻ?
അവർ ബോണറ്റിനെ തിരിച്ചറിഞ്ഞു കൊണ്ടുപോകുന്നു.

യഹൂദർ ഒളിക്കാനുള്ള ശ്രമത്തിലാണ്. നിരനിരയായി നിർത്തിയ കുട്ടികളെയും സമീപ വാസികളെയും അവർ ചോദ്യം ചെയ്യുന്നു.

ഗസ്റ്റപ്പോ ഓഫീസർ അറിയിച്ചു: ജർമ്മൻ സൈനികർക്ക് അച്ചടക്കമുണ്ട്. ഫ്രഞ്ചുകാർക്ക് അതില്ല. ഞങ്ങൾ നിങ്ങളുടെ ശത്രുക്കളല്ല. ഫ്രാൻസിൽ നിന്ന് യഹൂദരെയും
വിദേശികളെയും ഒഴിവാക്കാൻ നിങ്ങൾ ഞങ്ങളെ സഹായിക്കണം .

ഗസ്റ്റപ്പോ പേരു വിളിച്ച് ബോണറ്റ് ഉൾപ്പടെ മൂന്നു യഹൂദ കുട്ടികളെയും ഫാദർ ഷോണിനെയും കൊണ്ടുപോകുന്നു.

ഫാദർ കുട്ടികളോട് യാത്രപറഞ്ഞു. വിട കുട്ടികളേ, വീണ്ടും കാണാം...

അവരെ നോക്കിനിൽക്കുന്ന ജൂലിയൻ സങ്കടപ്പെട്ടു.

ഏറെ വർഷങ്ങൾക്ക് ശേഷമുള്ള ശബ്ദം മുഴങ്ങി...

ബോണറ്റും നിഗൂസും ദുപ്രേയും ഓഷ്വിറ്റ്സ് കോൺസെൻട്രേഷൻ ക്യാമ്പിൽ കൊല്ലപ്പെട്ടു...

മൗതൗവിലെ ക്യാമ്പിൽ വെച്ച് ഫാദർ ഷോൺ മരിച്ചു ...

അവരില്ലാതെ 1944 ഒക്ടോബറിൽ സ്കൂൾ വീണ്ടും തുറന്നു ...

വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു...

അവരെ ഗസ്റ്റപ്പോ കൊണ്ടുപോയ ആ പ്രഭാതം മരിക്കാത്ത ഓർമ്മയാണ്...

ജൂലിയന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



## കഫർനാം / ലെബനൻ / 2018 / 126 മിനിട്സ് / സംവിധാനം : നദീൻ ലെബാക്കി

2018 കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി ഓർ പുരസ്‌കാരം നേടിയ ലെബനീസ് സിനിമ. നടി നദീൻ ലെബാക്കിയാണ് സംവിധാനം.
ലെബനോനിലെ അഭയാർത്ഥി ജീവിതപ്രശ്നങ്ങളിൽ നിന്നുള്ള ഒരു ദൃശ്യപത്രിക. പന്ത്രണ്ട് വയസ്സുള്ള സിറിയൻ അഭയാർത്ഥികുട്ടി സൈൻ റഫിയ ആണ് കേന്ദ്രകഥാപാത്രമായ സൈൻ അൽ ഹജ്ജിനെ അവതരിപ്പിക്കുന്നത്. അവന്റെ ജീവിതത്തിലൂടെ ബെയ്റൂട്ടിലെ ചേരികളിലെ അരക്ഷിത അവസ്ഥയാണ് പ്രമേയം. ഡോക്യൂമെന്ററി റിയലിസ്റ്റ് സങ്കേതത്തിൽ ഫ്ളാഷ് ബാക്ക് ഘടനയിലുള്ള കഫർനാം എന്ന സിനിമ 91 മത് അക്കാദമി അവാർഡിന് മികച്ച വിദേശ ഭാഷാ ചിത്രത്തിന് നാമനിർദേശം ചെയ്യപ്പെട്ടിരുന്നു.

ചിത്രത്തിന്റെ തുടക്കത്തിൽ ഒരു കോടതി വിചാരണ നാം കാണുന്നു. സൈൻ ഹജ്ജ് എന്ന പതിനൊന്നുകാരൻ അഭയാർഥിയാണ് പ്രതി. തന്റെ കൊച്ചു സഹോദരിയെ ഗർഭിണിയാക്കുകയും അവളെ മരണത്തിലേക്ക് തള്ളുകയും അത് ചോദ്യം ചെയ്തപ്പോൾ തെണ്ടിയുടെ മകൻ എന്ന് വിളിച്ച് ആക്ഷേപിക്കുകയും ചെയ്ത അസദ് എന്ന കച്ചവടക്കാരനെ കുത്തി മുറിവേൽപ്പിച്ചതിനു സൈൻ ഹജ്ജ് അഞ്ചു വർഷത്തെ തടവുശിക്ഷ ജയിലിൽ അനുഭവിച്ചു. അവൻ തന്റെ മാതാപിതാക്കൾക്കെതിരെ കൊടുത്ത പരാതി കോടതിയിലെത്തി.
മാതാവ് സൗദ്. പിതാവ് സലിം. അവർക്ക് അവന്റെ ജനനത്തീയതി പോലും കൃത്യമായി അറിയില്ല. അവന്റെ ജനന സർട്ടിഫിക്കറ്റും ഇല്ല.
അഭയാർത്ഥികൾ കാലത്തിന്റെ നദിയിലൊഴുകുന്ന കരിയിലകൾ പോലെയാണ്. കെട്ടുറപ്പുള്ള കുടുംബമില്ല. ഭദ്രതയും മാന്യതയുമില്ല. അരക്ഷിതാവസ്ഥയിൽ എങ്ങനെയോ ജീവിക്കാൻ വിധിക്കപ്പെട്ടവർ. അവർക്ക് വികസിത ലോകത്തിന്റെ നീതിയും മനുഷ്യാവകാശങ്ങളുമില്ല. അതിൽ സഹാനുഭവത്തിന്റെ കണ്ണുകൾ കാണാത്ത കണ്ണീരിന്റെ ബാല്യങ്ങളുമുണ്ട്.

കോടതിയിൽ ജഡ്ജി സൈനിനോട് ചോദിച്ചു: മാതാപിതാക്കൾക്കെതിരെ കേസെടുക്കണമെന്നു പറയാൻ കാരണം ?
അവൻ നിഷ്കളങ്കമായി പറഞ്ഞു : തന്നെ ജനിപ്പിച്ചതിനാൽ.

ഇതേസമയം ലെബനീസ് അധികൃതർ ഒരുകൂട്ടം കുടിയേറ്റ തൊഴിലാളികളെ രേഖകൾ ഇല്ലാത്തതിനാൽ അറസ്റ്റു ചെയ്യുന്നു . അക്കൂട്ടത്തിൽ എത്യോപ്യൻ യുവതി റാഹിലുമുണ്ട്. സിനിമ പൂർവ്വകാല സംഭവങ്ങളിലേക്ക് പോകുന്നു...

ജയിൽവാസത്തിനു മുൻപ്, സൈൻ മാതാപിതാക്കൾക്കൊപ്പം താമസിക്കുകയായിരുന്നു. അന്നന്നുള്ള ആഹാരത്തിനു അലയുമ്പോൾ സ്കൂളിൽ പോകാനാവുന്നില്ല. ജീവിക്കാൻ വരുമാനം വേണം. എന്തെങ്കിലും തൊഴിൽ ചെയ്യണം. അവന്റെ മാതാപിതാക്കൾക്ക് മക്കളെ വളർത്തുന്നതിൽ യാതൊരു ഉത്തരവാദിത്വവുമില്ല. അതിനാൽ പതിനൊന്നുകാരനായ സൈൻ വിവിധ ജോലികൾ ചെയ്യുന്നു. ചിലപ്പോൾ തെരുവിൽ ജ്യൂസ് വിൽക്കുന്നു.
സൈനിൻറെ കുടുംബം വസിക്കുന്ന ഒറ്റമുറി വീടിന്റെ ഉടമയും മാർക്കറ്റ് സ്റ്റാൾ ഉടമയുമായ അസദിന്റെ കടയിൽ ഡെലിവറി ബോയി ആയും ജോലി ചെയ്യുന്നു.
ജയിലിലെ തടവുകാർക്ക് വിൽക്കാൻ ലഹരിഗുളിക വിവിധ ഫാർമസികളിൽ നിന്ന് വാങ്ങി പൊടിച്ച് വെള്ളത്തിൽ ചാലിച്ച് വസ്ത്രങ്ങളിൽ മുക്കി പിടിപ്പിക്കുന്ന പതിവ് മാതാവ് സൗദിനുണ്ട്.



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

സൗദും കുട്ടികളും ജയിലിൽ പോയി വസ്ത്രങ്ങൾ കൈമാറുന്നു. അത് അവരുടെ വരുമാന മാർഗമാണ്.
ദുരിതങ്ങൾ സഹിച്ച് സൈൻ പ്രതീക്ഷയോടെ ഓരോ ദിവസവും തള്ളിനീക്കുമ്പോഴാണ് ഇളയ സഹോദരി സഹർ ഋതുമതിയാവുന്നത്. ആർത്തവരക്തം മറച്ചുവെയ്ക്കാൻ സൈൻ അവളെ സഹായിക്കുന്നു. ആർത്തവത്തിന്റെ തെളിവുകൾ മറച്ചുവെയ്ക്കണം. അല്ലെങ്കിൽ മാതാപിതാക്കൾ അവളെ കടയുടമയ്ക്ക് വിൽക്കും.



ബെയ്റൂട്ടിലെ ലൂണ പാർക്കിൽ വെച്ച് സൈൻ ക്ലീനിംഗ് ജോലി ചെയ്യുന്ന എത്യോപ്യൻ അഭയാർത്ഥി യുവതി റാഹിലിനെ കണ്ടുമുട്ടുന്നു. അവൾ തന്റെ കുഞ്ഞിനെ ഒളിപ്പിച്ചാണ് ജോലിക്കെത്തുന്നതും പോകുന്നതും. സൈനിന്റെ മനസ്സിൽ ഒരു പദ്ധതിയുണ്ട്. സഹോദരി സഹറുമൊത്തു എവിടേയ്ക്കെങ്കിലും രക്ഷപ്പെടണം.
ഇതിനിടെ സൈനിന്റെ മാതാപിതാക്കൾ രണ്ടു കോഴിക്ക് പകരമായി മകൾ സഹറിനെ കടയുടമ അസദിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. ഇതിനെ ചൊല്ലി സൈൻ മാതാപിതാക്കളുമായി കലഹിച്ചു. അവൻ പുറത്താക്കപ്പെട്ടു.

അവൻ ഒരു ബസ്സിൽ കയറി. സഹയാത്രികൻ കോക്രോച്ച് മാൻ എന്ന് സ്വയം പരിചയപ്പെടുത്തുന്ന ഒരു വൃദ്ധൻ. അയാൾ ലൂണാപാർക്കിനു സമീപം ഇറങ്ങിയപ്പോൾ സൈനും ഇറങ്ങി അയാളെ പിന്തുടർന്നു. പിന്നെ പാർക്കിലിരുന്നു. ഓരോന്നോർത്തു സങ്കടപ്പെട്ടു. വിങ്ങിപ്പൊട്ടി.
സൈനിനെ കാണുന്ന കുടിയേറ്റ തൊഴിലാളി റാഹിലിനു അനുകമ്പ തോന്നി. അവൾ അവനെ തന്റെ തകരക്കുടിലിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവളുടെ കുഞ്ഞ് യോനാസിനെ അവൻ പരിചരിക്കാൻ തുടങ്ങി. റാഹിലിന്റെ കുടിയേറ്റ രേഖ വ്യാജമാണ്. അതിന്റെ കാലാവധി തീരാറുമായി. പുതിയ വ്യാജരേഖ വേണമെങ്കിൽ അത് തയ്യാറാക്കുന്ന ആസ്പറോക്ക് പണം കൊടുക്കണം. അവളുടെ കയ്യിൽ പണമില്ല.

പക്ഷെ കുഞ്ഞിനെ ആസ്പറോയ്ക്ക് കൊടുത്താൽ പകരം രേഖകൾ കിട്ടും. അതിനവൾ ഒരുക്കവുമല്ല. കുഞ്ഞിന് രേഖകൾ ഇല്ലാത്തതിനാൽ ഭാവി പ്രശ്നങ്ങൾ ഏറെയുണ്ടെന്നു ആസ്പറോ അവളെ ഉപദേശിക്കുന്നു.
അയാൾ അഭയാർത്ഥി കുട്ടികളെ ദത്തെടുക്കാറുണ്ട്. അവൾ കുഞ്ഞിനെ കൊടുക്കാൻ തയ്യാറായില്ല. തുടർന്ന് രേഖകൾ ഇല്ലാത്തതിനാൽ ലെബനീസ് അധികൃതർ അവളെ അറസ്റ്റ് ചെയ്തു. റാഹിലിനെ കാണാതായതോടെ സൈനിന് പരിഭ്രമമായി. അവൾക്ക്എന്ത് സംഭവിച്ചു?
കുഞ്ഞിനെ ആരുനോക്കും ? ഇനി എന്തുചെയ്യും ?
തകരക്കുടിലിൽ ഉള്ളതു കഴിച്ചും തെരുവിലിറങ്ങിയും അവൻ ആ കുഞ്ഞിനെ സൂക്ഷിച്ചു. നിവൃത്തിയില്ലാതെ വന്നപ്പോൾ ലഹരിഗുളിക വിൽപ്പനയും നടത്തി.
ഒരു ദിവസം അവൻ ഒരു സിറിയൻ അഭയാർത്ഥി പെൺകുട്ടിയെ കണ്ടുമുട്ടി. അവളുടെ പേര് മെയ്സൗൺ. അവളെ സ്വീഡനിലേക്ക് അയക്കാമെന്നു അസ്പറോ സമ്മതിച്ചിട്ടുണ്ടെന്നു അവൾ സൈനിനോട് പറഞ്ഞു.
സൈൻ അവളോട് ആവശ്യപ്പെട്ടു: തന്നെയും സ്വീഡനിലേക്ക് കൊണ്ടുപോകാൻ ആസ്പ്രോയോട് പറയണം.
ആസ്പറോ ഒരു വ്യവസ്ഥ വെച്ചു. കുഞ്ഞ് യോനാസിനെ അയാൾക്ക് കൊടുത്താൽ സൈനിനെ സ്വീഡനിലേക്ക് പോകാൻ സഹായിക്കും. സൈൻ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. പക്ഷെ അഭയാർത്ഥിയായ സൈനിനു രേഖകൾ വേണം. വീട്ടിൽച്ചെന്നു അവൻ മാതാപിതാക്കളോട് തന്റെ രേഖ ആവശ്യപ്പെട്ടു. മാതാപിതാക്കൾ അവനെ ശകാരിച്ചു വീട്ടിൽ നിന്ന് ആട്ടിപ്പായിച്ചു.
ഇതിനിടെ തന്റെ കൊച്ചു സഹോദരി ഗർഭിണി ആയെന്നും മരണപ്പെട്ടുവെന്നും അവൻ അറിയുന്നു. പ്രകോപിതനായ സൈൻ കടയുടമ അസദിനെ നേരിടാൻ ഓടി. ഒരു കത്തികൊണ്ട് അയാളെ കുത്തി...
ഈ കുറ്റത്തിനാണ് സൈൻ അഞ്ചുവർഷം തടവുശിക്ഷ അനുഭവിക്കുന്നത്.



# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



ജയിലിൽ കഴിയുമ്പോൾ അവനെ കാണാൻ മാതാവ് സൗദ് അവിടെ എത്തുന്നുണ്ട്. അവൾ വീണ്ടും ഗർഭിണിയാണ്. ജനിക്കാൻ പോകുന്ന കുഞ്ഞിന് സഹർ എന്നാണ് പേരിടാൻ പോകുന്നത്. സൈനിനു ദുഖവും അമർഷവും തോന്നി.
മകൾ സഹർ മരിച്ചതിൽ മാതാവിന് ഒരു ദുഖവുമില്ല. കുഞ്ഞുങ്ങളെ പ്രസവിക്കുക; വിൽക്കുക.
സൈൻ മാതാവിന് താക്കീതു നൽകി: ഇനിയൊരിക്കലും തന്നെ കാണാൻ വരരുത്. ഹൃദയമില്ലാത്തവൾ.
അഭയാർത്ഥി കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെ കുറിച്ച് ഒരു ലൈവ് ടിവി പ്രോഗ്രാം നടക്കുന്നു. കുട്ടികൾക്ക് പങ്കെടുക്കാം. ടിവി ഷോ നടത്തുന്നവരുമായി സൈൻ ബന്ധപ്പെട്ടു.
കുട്ടികളെ പരിപാലിക്കാൻ തയ്യാറാവാത്ത
മാതാപിതാക്കളെ വെറുത്തുവെന്നും അവർ പെൺകുട്ടികളെ വിൽക്കുകയാണെന്നും അവൻ അറിയിച്ചു.
മാതാപിതാക്കൾക്കെതിരെ പരാതിപ്പെടുകയും ചെയ്തു .
കേസ് കോടതിയിലെത്തി. ജഡ്ജി അവനോടു ചോദിച്ചു :
മാതാപിതാക്കളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത് ?
അവൻ പറഞ്ഞു : വളർത്താൻ തയ്യാറല്ലെങ്കിൽ
കുട്ടികളുണ്ടാവുന്നത് അവർ നിർത്തണം. തനിക്കുായ ദുരിതം മറ്റു കുട്ടികൾക്കും ഉണ്ടാവരുത്. ആസ്പറോയെ പോലെ നിയമവിരുദ്ധമായി അഭയാർത്ഥി കുട്ടികളെ ദത്തെടുക്കുന്നവരുണ്ട്. അവർ മോശമായാണ് കുട്ടികളോട് പെരുമാറുന്നത്.





ഇതേതുടർന്ന് ലെബനീസ് അധികൃതർ ആസ്പ്രോയുടെ വീട് റെയ്ഡ് ചെയ്തു. അഭയാർത്ഥി കുട്ടികളും മാതാപിതാക്കളും വീണ്ടും ഒന്നിക്കുന്നു...
റാഹിൽ ജയിൽ വിമോചിതയായി ...റാഹിലും യോനാസും സൈനും വീണ്ടും ഒന്നിച്ചു ...
സൈനിൻറെ ഐഡി കാർഡിന് ഫോട്ടോ എടുത്ത
ഫോട്ടോഗ്രാഫർ ഐഡി കാർഡ് അവനു കൊടുത്തുകൊണ്ട് പറഞ്ഞു: ഇത് നിന്റെ മരണ സർട്ടിഫിക്കറ്റ് അല്ല. ഐഡി കാർഡാണ്.
സൈനിന് ഭാവിയെ കുറിച്ച് പ്രതീക്ഷയേറി. അവന്റെ മുഖം തെളിഞ്ഞു. നിഷ്ക്കളങ്കമായ ഒരു പുഞ്ചിരി താനേ വിടർന്നു...
നൈർമ്മല്യമാർന്ന ദൃശ്യങ്ങളോടെ കുട്ടികൾ കേന്ദ്ര കഥാപാത്രങ്ങളാവുന്ന എട്ടു സിനിമകളും നിരവധി ചോദ്യങ്ങളാണ് പ്രേക്ഷകന്റെ മനസാക്ഷിയോടും ലോകത്തോടും ചോദിക്കുന്നത്. സാമൂഹികവും മതപരവും വംശീയവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ സങ്കീർണമാക്കി തീർക്കുന്ന
ജീവിതത്തെ നേരിടുന്ന കുട്ടികളിൽ ഭാവിയെ കുറിച്ചും
ഒറ്റപ്പെടലിനെ കുറിച്ചും ഈ ലോകത്തെ കുറിച്ചും എന്തൊക്കെ ചിന്തയാണുാവുക? വന്നുഭവിക്കുന്ന പ്രതിസന്ധികളെ
എങ്ങനെയാണ് തരണം ചെയ്യുക?
ഭാവി കെട്ടിപ്പടുക്കുക ?
മുതിർന്ന തലമുറയ്ക്ക് ഒരു വിചിന്തനത്തിന്
വഴിയൊരുക്കുകയാണ് ബാല്യത്തിന്റെ തേങ്ങലുകൾ,
ലോകസിനിമകൾ.




MAKE UP FOR
LOST TIME
PACK UP FOR
KERALA
'WORLD'S GREATEST PLACES TO VISIT IN 2022'
TIME
Make up for those missed family times, the idle banters, the laughter riots... Pack up for the backwaters, beaches, hill stations and jungles of Kerala.
kerala
God's Own Country
keralatourism.org


www.kswdc.org
181
MITHRA
സാഹചര്യം ഏതുമാവട്ടെ
ഞങ്ങൾ ഉണ്ട് കൂടെ
വിളിക്കൂ...
181
ടോൾഫ്രീ നമ്പർ
സ്ത്രീ
സുരക്ഷ
ശാക്തീകരണം
24 മണിക്കൂറും സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ
കേരള സംസ്ഥാന വനിത
വികസന കോർപ്പറേഷൻ
(വനിതാശിശു വികസന വകുപ്പ്, കേരള സർക്കാർ)
she transcends
MWCD
Govt of India
വനിതാശിശു
വികസന വകുപ്പ്
കേരള സർക്കാർ

കാർഷികാഭിവൃദ്ധിയും ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമാക്കി

**അതിവേഗ വായ്പ സേവനങ്ങളുമായി മുന്നോട്ട്...**

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും,
പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കൂടി ചേർന്ന്

**"നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി"**

(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)

ആകർഷണീയമായ വ്യവസ്ഥയിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

**"ഗുഡ്പേ മാസ്റ്റർ" പദ്ധതി**

കൃത്യമായ വായ്പ തിരിച്ചടവിന് പലിശ ഇളവ്...

ആവശ്യമേതുമാകട്ടെ

ൃഷി • വ്യവസായം • ഭവനം • വ്യാപാരം • വാഹനം
ർണ്ണപണയം • ഫാം ടൂറിസം • വസ്തു വാങ്ങൽ
തിമാസ സമ്പാദ്യ പദ്ധതി • സ്ഥിര നിക്ഷേപ പദ്ധതി
• വിദ്യാഭ്യാസം • കിസാൻ സമൃദ്ധി



▸ മിതവും സുതാര്യവുമായ പലിശനിരക്ക് ▸ സ്വീകാര്യമായ വ്യവസ്ഥകൾ ▸ നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശനിരക്ക്

**വായ്പകൾ താലൂക്കടിസ്ഥാനത്തിലുള്ള 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി**

# കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.

തിരുവനന്തപുരം, ഫോൺ: 0471-2460595

Web: www.keralalandbank.org E-mail: ho.cardbank@gmail.com

Administrator: Jothy Prasad.R

Managing Director: Parvathy Nair.K.L

FILM VISION Monthly June-July 2023 Rs. 2/- RNI-KER BIL/2002/8043

| Memberhip | | | Payment to : |
|---|---|---|---|
| Annual | : | 300/- | Name : FILCA |
| Students | : | 150/- | A/C 5700 118 1947<br>State Bank of India |
| Life-time | : | 2000/- | Branch : Poojappura<br>IFSC - SBIN 0070032 |

*Please whatsApp payment image to 8089036090*

Reg.No.T-1665/1999
www.filca.in
Email : filcakerala@gmail.com
Ph.808906090

ഫിൽക ഫിലിം സൊസൈറ്റിയുടെ ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്......
മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം 13-ാം പതിപ്പ്
മുഖവില 250/- അംഗങ്ങൾക്ക് 200/-
ഓൺലൈനിൽ ലഭിക്കുവാൻ www.peerbey.com




Chief Editor- Dr.B. Radhakrishnan./Associate Editors- Joy Mulukattil, Vijayadas Pandit./DTP, Page setting and Graphic design Shaji Cad
Circulation- Vinodhkumar.P/PRO- Meril.P./
Editor and Publisher-Sabu Sankar,
General Secretary,FILCA,PB 2224,Trivandrum-10.Kerala